നിങ്ങൾക്ക് നിങ്ങളുടെ കുട്ടിയെക്കുറിച്ച് ഉൽക്കണ്ഠയുണ്ടോ?

ഡോ. തോമസ് വി. തോമസ്.

ഇന്ന് പല രക്ഷകർത്താക്കളും സ്വന്തം കുട്ടിയെക്കുറിച്ച് ഉൽക്കണ്ഠാകുലരാണ്. ഞങ്ങളുടെ കുട്ടികൾ അവരുടെ പഠനം വിജയകരമായി കൈകാര്യം ചെയ്യുമോ? ഈ ലോകത്തിലെ വെല്ലുവിളികളെ അവർ എങ്ങനെ നേരിടും? ഏതെങ്കിലും തരത്തിൽ അവരുടെ ജീവിതം ക്ലേശപൂർണ്ണമാകുമോ? ഇത്തരം ചോദ്യങ്ങളുടെ ഭാരപ്പെടുത്തുന്ന മനസ്സുമായാണ് അവർ കുട്ടികളെ സ്കൂളിൽ അയക്കുന്നത്. പിന്നീടുള്ള കുട്ടികളുടെ വളർച്ചയിൽ സ്കൂൾ മാത്രമാണ് മാതാപിതാക്കളുടെ ആശ്രയം. വിദ്യാഭ്യാസ കാലത്ത് കുട്ടികൾക്കുണ്ടാകുന്ന പ്രശ്നങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും സ്കൂളിനും സ്കൂളധികൃതർക്കും ആണെന്നു പറയുവാൻ മാതാപിതാക്കൾ മടിക്കാറില്ല.

'കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഞങ്ങൾ സ്കൂളിനു ധാരാളം പണം നൽകുന്നുണ്ട്. അതുകൊണ്ട് അവരുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള വിജയത്തിന് സ്കൂൾ ഉത്തരവാദിത്വം വഹിക്കണം. - പല രക്ഷകകത്താക്കളും ഇങ്ങനെ പറയാറുണ്ട്. നമ്മുടെ കുട്ടികൾ എല്ലാ അർത്ഥത്തിലും വിജയിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്കൂളിന് മാത്രമാണെന്ന് യുക്തിപൂർവ്വം ചിന്തിക്കാൻ കഴിയുമോ? അവരുടെ വ്യക്തിത്വം രൂപഭദ്രമാക്കുന്നതിൽ ആർക്കാണ് പ്രധാന പങ്കുവഹിക്കാനുള്ളത്?

ഒരു വ്യക്തിയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്ന ഘടകം സ്വന്തം വീടാണെന്ന വസ്തുത പല പ്രമുഖ വിദ്യാഭ്യാസ വിദഗ്ധരും അംഗീകരിച്ചിട്ടുണ്ട്. ഒരാൾക്ക്, ഭാവിപ്രവർത്തനങ്ങളെയും പ്രതികരണങ്ങളെയും സ്വാധീനിക്കുന്ന നിരവധി അനുഭവങ്ങളെ സ്വന്തം വീട്ടിൽത്തന്നെ അഭിമുഖീകരിക്കേണ്ടി വരും. കുട്ടികൾക്ക് ജീവിതത്തിന്റെ ബാലാപാഠങ്ങൾ വീട്ടിൽ നിന്നാണ് ലഭിക്കുന്നത്. ശരിയായ സന്തോഷവും സുരക്ഷിതത്വവും അവർക്ക് വീട്ടിൽ നിന്നാണ് ലഭിക്കേണ്ടത്. ഗൃഹാന്തരീക്ഷത്തിൽ ലഭിക്കുന്ന സുരക്ഷിതത്വം അല്ലെങ്കിൽ അരക്ഷിതത്വം അവരുടെ സമൂല വ്യക്തിത്വ വികാസത്തിന് കാരണമാകുന്നു. തൃപ്തികരമായ ജീവിതം കുടുംബത്തിൽ ലഭ്യമായാൽ വരുംകാല ദിവസങ്ങളിൽ സുരക്ഷിതത്വബോധം അവർക്ക് കൈവരിക്കാൻ കഴിയും.

എന്തുകൊണ്ടാണ് ചില കുട്ടികൾ എന്തിനോടും വ്യക്തിപരമായി പൊരുത്തപ്പെടുകയും സാമൂഹികമായി വിജയിക്കുകയും ചെയ്യുന്നത്? മാതാപിതാക്കൾ കുട്ടികളുടെ കൂട്ടുകാരെ വീട്ടിലേക്ക് സ്വാഗതം ചെയ്യുകയും വൈകുന്നേരങ്ങൾ ആഹ്ളാദകരമായി അവരോടൊപ്പം ചിലവഴിക്കുകയും വേണം. ഇതിനു പുറമേ വീടിനു വെളിയിൽ വിശ്രമവേളകൾ ചിലവിടുകയും അവരുടെ സന്തോഷങ്ങളിലും നൊമ്പരങ്ങളിലും പങ്കുകൊള്ളുകയും ചെയ്യണം. ഈ കാരണങ്ങളാൽ കുട്ടികൾ മറ്റുള്ളവരുമായി പൊരുത്തപ്പെടുകയും ശരിയായ ധാരണയിലെത്തുകയും സ്വന്തം ജീവിതം ആസ്വദിക്കാൻ പ്രാപ്തരാകുകയും ചെയ്യുന്നു.

ബാല്യകാലത്തെ അനുഭവങ്ങൾക്കും സ്വാധീനങ്ങൾക്കും ഒരാളുടെ ഭാവികാല ജീവിതത്തെ കരുപിടിപ്പിക്കുന്നതിൽ പ്രധാന പങ്കുണ്ട്. 'ആ കുട്ടി ഈ വിധം പെരുമാറുന്നതെന്തുകൊണ്ട്?' എന്ന ചോദ്യം രക്ഷകർത്താക്കളോ അദ്ധ്യാപരോ അവരവരോടു തന്നെയോ മറ്റുള്ളവരോടോ ചോദിക്കുന്നില്ല. പ്രത്യേക സാഹചര്യങ്ങളിൽ ഒരു വ്യക്തിയുടെ പെരുമാറ്റത്തിനു പിന്നിലുള്ള കാരണങ്ങൾ കണ്ടെത്താൻ അവരാരും ശ്രമിക്കുന്നുമില്ല.

നമ്മുടെ ഓരോ പ്രവർത്തനത്തിനു പിന്നിലും എന്തെങ്കിലും കാരണമുണ്ടാകും. അതുകൊണ്ടാണ് കുട്ടികൾ പലസമയത്തു പലതരത്തിൽ പ്രവർത്തിക്കുന്നത്. കുട്ടികളും രക്ഷിതാക്കളുമായുള്ള ബന്ധം, കുടുംബ ഘടന, കുട്ടികളുടെ വ്യക്തിപരവും സാമൂഹികവുമായ അനുഭവങ്ങൾ എന്നിവ സംബന്ധിച്ച് മാതാപിതാക്കളുമായി അഭിമുഖ സംഭാഷണം നടത്തിയാൽ കുട്ടികളെ കൂടുതൽ മനസ്സിലാക്കാൻ നമുക്കു കഴിയും. രക്ഷകകത്താക്കളുടെ സ്വഭാവവും പെരുമമാവും ഒരു കുട്ടിയുടെ വ്യക്തിത്വത്തെ ബാധിക്കുന്നു. വ്യക്തിപരവും സാമൂഹികവുമായ എല്ലാ അവസ്ഥകളും കുട്ടിയെ രൂപപ്പെടുത്തുന്നതിൽ സഹായിക്കുന്നു. ഊഷ്മളസ്നേഹം പകരുന്ന മാതാപിതാക്കളും നേതൃത്വവും രക്ഷയും നൽകുന്ന കുടുംബവും ഒരു കുട്ടിയുടെ ശരിയായ വ്യക്തിത്വവികസനത്തിന് വഴിയൊരുക്കുന്നു.

മുലക്കുപ്പിയിൽ പാൽ നൽകുന്നതിനു പകരം മുലയൂട്ടുക, ശുശ്രൂഷിക്കുക. ഭക്ഷണം നൽകുക, മുലകുടി മാറ്റുക, വികാര പ്രകടനങ്ങൾ തടയുക, കലഹിക്കുക-ഇങ്ങനെ ഓരോ പ്രവൃത്തിയും കുട്ടിയെ സ്വാധീനിക്കുന്നു. ദരിദ്രവും അവഗണിക്കപ്പെട്ടതുമായ പരിതസ്ഥിതികളിൽ വളരുന്ന കുട്ടികൾ ഈ അവസ്ഥകൾ അവരുടെ ഓർമ്മയിൽ സൂക്ഷിച്ചുവ

യ്ക്കും. ബാല്യകാലത്തെ സന്തോഷവും സന്താപവുമടക്കം എല്ലാ ലികാരങ്ങളും അവസ്ഥകളും ഓരോരുത്തരുടേയും ജീവിതത്തെ അഗാധമായി സ്വാധീനിക്കും.

ചെറുപ്പം മുതൽ ശാരീരികവും മാനസികവുമായ സംതൃപ്തി ലഭിച്ചാൽ കുട്ടികൾക്ക്, അനാവശ്യമായ മാനസിക പിരിമുറുക്കത്തിൽ നിന്നും അരക്ഷിത ബോധത്തിൽ നിന്നും രക്ഷപെടാൻ കഴിയും. അമ്മ കുട്ടിക്ക് ആവശ്യത്തിലേറെ പരിരക്ഷ നൽകുന്നത് ഒഴിവാക്കണമെന്ന് പൊതുവെ അഭിപ്രായമുണ്ട്. മാതാപിതാക്കൾ ശൈശവാവസ്ഥയിൽ കൂടുതൽ അവഗണിക്കുന്ന കുട്ടികൾ ആണ് ഉൽക്കണ്ഠയും അരക്ഷിത ബോധവും മൂലം കൂടുതൽ പീഡിപ്പിക്കപ്പെടുന്നത്.

ശാരീരികവും മാനസികവുമായി സ്നേഹപൂർവ്വം പെരുമാറുക, അംഗീകാരം നൽകുക, സൗഹൃദപൂർവ്വം പ്രതികരിക്കുക-ഇതാണ് കുട്ടികൾക്ക് ആവശ്യം. അവരുടെ ക്ഷേമവും സുരക്ഷിതത്വബോധവും നിർണ്ണയിക്കുന്ന പ്രധാന ഘടകം ഇവ ലഭിക്കുന്ന വീടാണ്.

കുടുംബാനുഭവങ്ങളാണ്, ഒരു വലിയ പരിധിയോളം, ഒരാളെ സാമൂഹികമായി പൊരുത്തപ്പെടാൻ സഹായിക്കുന്ന ഘടകം. വിശാലമായ സമൂഹത്തിൽ അംഗമാകേണ്ട ഒരാൾക്ക് അതിനു തടസ്സമാകുന്ന ശിശുസഹജമായ അപക്വതയ്ക്കു കാരണവും കുടുംബത്തിൽ നിന്ന് ലഭിക്കുന്ന അനുഭവങ്ങൾ തന്നെ.

എന്താണ് സ്നേഹമെന്ന് കുട്ടികൾ പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്. അവർ സ്വാഭാവികമായി, അവരോടുതന്നെ ചോദിക്കാറുണ്ട്. 'ഞാൻ എന്തിന് മറ്റൊരാളെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യണം? അവർ അതനുസരിച്ച് പ്രതികരിച്ചില്ലെങ്കിൽ എന്റെ ജീവിതം എന്താകും? ഒരിക്കൽ പൊള്ളലേറ്റ കുട്ടി പിന്നെ എപ്പോൾ തീ കണ്ടാലും ഭയപ്പെടും? മാതാപിതാക്കളെ ആദരിക്കൽ, കുട്ടികളുടെ ആത്മാവിഷ്ക്കാരം, ജോലിയുടെ അംഗീകാരം, വിനോദ പ്രവൃത്തികൾ, പരസ്പരം പങ്കുവെയ്ക്കൽ, കുടുംബാംഗങ്ങളുടെ ഐകമത്യം എന്നീ ഘടകങ്ങളാണ് കുടുംബ ബന്ധങ്ങൾക്ക് ആധാരം.

നമ്മുടെ ജീവിതത്തിലെ ഇത്തരം ചില ഘടകങ്ങളെ ആശ്രയിച്ചാണ് സാമൂഹിക ബന്ധങ്ങൾ നിലകൊള്ളുന്നത്. നമ്മുടെ നിലവാരത്തിനനുസരിച്ച് മറ്റുള്ളവരെ അളക്കാതിരിക്കാൻ നാം പഠിക്കണം, മുതിർന്ന ഒരാളുടെ വ്യക്തിത്വത്തെ നാം അംഗീകരിക്കുന്നതുപോലെ ഓരോ കുട്ടിയുടെയും വ്യക്തിത്വത്തെ ഉൾക്കൊള്ളാനും നമുക്കു കഴിയണം. ഒരു വ്യക്തിയുടെ പ്രായപപൂർത്തിയായതിനുശേഷമുള്ള ജീവിതം ബാല്യകാലാനുഭവങ്ങളെ ആശ്രയിച്ചിരിക്കും.

കുട്ടികളും മാതാപിതാക്കളുമായുള്ള ബന്ധം ശിഥിലമാകുന്നതെന്തുകൊണ്ട്? ചില രക്ഷകർത്താക്കൾ കുട്ടികളോടു അവർക്കുള്ള കടമകൾ മറക്കുന്നതെന്തുകൊണ്ട്? രക്ഷകകത്താക്കളുടെ വ്യക്തിത്വം, വ്യക്തിത്വഘടന, വൈകാരിക സംഘർഷം, മുൻവിധികൾ എന്നീ ഘടകങ്ങളോടൊപ്പം അവരുടെ പൂർവ്വ കാലാനുഭവങ്ങൾ കുട്ടികളുമായുള്ള ബന്ധത്തെ സ്വാധീനിക്കുന്നു. തങ്ങൾ പരിശീലിപ്പിക്കപ്പെട്ട അതേ രീതിയിൽ കുട്ടികളെ വളർത്തിയെടുക്കാൻ മാതാപിതാക്കൾ നടത്തുന്ന ശ്രമം ശരിയല്ല. ചുരുക്കം ചിലർ മാത്രമാണ് ഈ കാര്യത്തിൽ വ്യത്യസ്തത പുലർത്തുന്നത്.

ചുരുക്കിപ്പറഞ്ഞാൽ, ഗാർഹികാന്തരീക്ഷം ഒരു കുട്ടിയെ സംബന്ധിച്ച് വളരെ പ്രധാനമാണ്. മാതാപിതാക്കൾ തമ്മിലുള്ള കലഹം കുട്ടിയെ സ്വാധീനിക്കുന്നു. കുട്ടികൾക്കു ഫലപ്രദമായ വിധത്തിൽ പരിശീലനം നൽകാനുള്ള രീതികളിൽ മാതാപിതാക്കൾക്കു വേണ്ടത്ര സഹകരിക്കാത്ത ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്. മാതാപിതാക്കളിൽ ഒരാൾ കുട്ടികളെ മറ്റൊരാൾക്കെതിരെ ഉപയോഗിക്കുന്ന സംഭവങ്ങളും ഇന്ന് സാധാരണമാണ്. കുട്ടികൾ ഈ കലഹതന്ത്രത്തിൽ നിന്നും മുതലെടുക്കാൻ പഠിക്കുന്നു. മാതാപിതാക്കളിൽ ഒരാളെ മറ്റൊരാൾക്കെതിരെ ഉപയോഗിക്കാനും അവൾ ശ്രമിക്കും. ഇതുമൂലം ഗാർഹികാന്തരീക്ഷത്തിലുണ്ടാകുന്ന വൈകാരിക സംഘർഷങ്ങൾ പരസ്പരമുള്ള ആത്മാർത്ഥബന്ധങ്ങളെ നശിപ്പിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ വളരുകയും വൈകാരിക സംഘർഷങ്ങൾക്കിടയിൽ ജീവിക്കുകയും ചെയ്യുന്ന കുട്ടികളുടെ വളർച്ച വളരെ വേഗം മുരടിക്കുന്നു.

ശിക്ഷയും സമ്മാനങ്ങളും

ശാരീരിക ദണ്ഡനം ഫലപ്രമാണെന്നു വിശ്വസിക്കുന്ന നിരവധി രക്ഷകർത്താക്കളുണ്ട്. ആരോടെങ്കിലുമുള്ള വിദ്വേഷം മൂലം സ്വന്തം കുട്ടികളെ തല്ലിത്തകർക്കുന്നവരും വിരളമല്ല. ആരോടെങ്കിലുമുള്ള ദ്വേഷ്യത്തിന് ബലിയാടാകുന്നത് കുട്ടികളാണ്. ഈ സാഹചര്യത്തിൽ കുട്ടികൾ ചിന്താക്കുഴപ്പത്തിലാകുന്നു. ശരിയായ കാരണമില്ലാതെ കുട്ടികളെ ശിക്ഷിക്കുകയും സ്വന്തം വിദ്വേഷം അവരുടെമേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന രക്ഷകർത്താക്കൾ അവരെ തിരുത്തുകയല്ല നശിപ്പിക്കുകയാണ് ചെയ്യുന്നത്.

എന്തെങ്കിലും സമ്മാനം കോഴ കൊടുത്തു മക്കളെ നല്ല പെരുമാറ്റച്ചട്ടം ശീലിപ്പിക്കാനാണ് മറ്റു ചില മാതാപിതാക്കളുടെ ശ്രമം. ഇതും കുട്ടികളുടെ വ്യക്തിത്വത്തെ നശിപ്പിക്കും. എന്തെങ്കിലും സമ്മാനം ലഭിച്ചാൽ മാത്രം പ്രതികരിക്കുന്ന ശീലം അവർക്കുണ്ടാകും. ഭീഷണിപ്പെടുത്തിയാൽ മാത്രം അനുസരിക്കുകയും ചെയ്യും.

ഓരോ രക്ഷകർത്താവും ആത്മാർത്ഥമായി സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളുണ്ട്. ഞാൻ

ചിന്തിക്കുന്നതുപോലെ ചിന്തിക്കാനും പെരുമാറുന്നതുപോലെ പെരുമാറാനും കഴിയുന്നവിധമാണോ എന്റെ മക്കളെ ഞാൻ വളർത്തുന്നത്? ഒരു വ്യക്തിയെന്ന നിലയിൽ പക്വത നേടാൻ അവനെ/അവളെ സഹായിക്കത്തക്കവിധം എന്റെ കുട്ടിയെ മനസ്സിലാക്കാൻ ഞാൻ ശ്രമിക്കാറുണ്ടോ? കുട്ടികൾ എനിക്കുതന്നെ ഭാരമായിമാറുമ്പോൾ ഞാൻ മറ്റുള്ളവരെ കുറ്റം പറയുന്നതു ശരിയാണോ? ശൈശവകാലം മുതൽ കുട്ടികളിൽ മാനുഷികമൂല്യങ്ങൾ വളർത്തിയെടുക്കുന്നതിൽ ശ്രദ്ധവെച്ചാൽ സമൂഹത്തിൽ ഇന്നു കാണുന്ന പല വിപത്തുക്കളും ഒഴിവാക്കാൻ കഴിയും. ശരിയായ രീതിയിലാണോ നിങ്ങൾ കുട്ടികൾക്ക് പരിശീലനം നൽകുന്നത്? അവന്റെ/അവളുടെ വരുംകാലക്ഷേമത്തിൽ നിങ്ങൾക്കു താൽപര്യമുണ്ടോ?

സ്നേഹം

കുട്ടികളെ കാണുമ്പോഴൊക്കെ അവരെ സ്നേഹാദരപൂർവ്വം വണങ്ങുന്ന ഒരു വൃദ്ധന്റെ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ മുതിർന്നവരെ കാണുമ്പോഴാകട്ടെ അദ്ദേഹം ഒരിക്കലും അങ്ങനെ ചെയ്യാറുമില്ല. പെരുമാറ്റത്തിൽ കുട്ടികളോടും മുതിർന്നവരോടും എന്താണിങ്ങനെ വിവേചനം എന്നൊരിക്കൽ ആരോ അദ്ദേഹത്തോടു ചോദിച്ചു. മുതിർന്നവർക്ക് വേരൂന്നിയ ജീവിതശൈലി ഉണ്ടെന്നും കുട്ടികളാകട്ടെ രൂപാന്തരപ്പെടുത്തേണ്ട അവസ്ഥയിലാണെന്നും അദ്ദേഹം പറഞ്ഞു. ശരിയായ വിധം വളർത്തിയെടുത്താൽ രൂപാന്തരപ്പെടുത്താവുന്നതാന് കുട്ടികളുടെ ജീവിതം.

യേശുക്രിസ്തു കുട്ടികളെ ഏറെ ഇഷ്ടപ്പെട്ടിരുന്നു. ലാളിത്യം, നിഷ്ക്കളങ്കത, ആത്മാർത്ഥത എന്നീ ഗുണങ്ങളും എളുപ്പം ഇണങ്ങുന്നതും പഠിപ്പിക്കാവുന്നന്തുമായ കുട്ടികളുടെ സ്വഭാവങ്ങളുമാണ് യേശുവിനെ ഏറെ ആകർഷിച്ചത്. സ്വർഗരാജ്യത്ത് ഏറ്റവും മഹത്വമുള്ളതാർക്കാണ് എന്നു ചോദിച്ചപ്പോൾ തടിച്ചുകൂടിയിരുന്ന ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ യേശുക്രിസ്തു ഒരു കൊച്ചുകുട്ടിയെ ഉയർത്തിനിർത്തി ഇങ്ങനെ പറഞ്ഞു: "ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു (മത്താ. 18:4).

എല്ലാ വളർച്ചയുടെയും അടിസ്ഥാനം സ്നേഹമാണ്. മാതൃസ്നേഹത്തിന്റെ അഭാവം വൈകാരികവും മാനസ്സികവും സാമൂഹികവും ഭൗതികവുമായ നിരവധി പ്രശ്നങ്ങളിലേക്ക് കുട്ടികളെ നയിക്കുന്നു. ഇത് കുട്ടികളെ മരണത്തിലേക്കുതന്നെ നയിച്ചേക്കാം. കുട്ടികളുടെ വളർച്ചയ്ക്ക് പോഷകവസ്തുവായി ഭക്ഷണംമാത്രം പോരെന്നാണ് മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. സ്നേഹവും അവർക്ക് വേണം. നാനാരൂപത്തിലും ഭാവത്തിലുമുള്ള മാതൃസ്നേഹം അവർക്ക് അത്യാവശ്യമാണ്.

പരിത്യജിക്കപ്പെട്ട ഒരു കുട്ടിക്ക് തന്നെയും മറ്റുള്ളവരേയും സ്നേഹിക്കുക വേദനാജനകമായ അനുഭവമാണ്. കാരണം സ്നേഹിക്കപ്പെടുക എന്ന അനുഭവം അവനില്ല എന്നതുതന്നെ. സ്നേഹം ലഭിക്കാത്ത കുട്ടികൾ വഴക്കാളികളായി തീരുന്നതിനും മറ്റുള്ളവരുമായി യോജിച്ചുപോകാത്തവരുമായി മാറുന്നതിനും കാരണം ഇതു തന്നെ. അവർക്ക് അനുഭവപ്പെടാത്തത് എങ്ങനെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ കഴിയും. പിതൃസ്നേഹം ലഭിക്കാത്ത കുട്ടികൾക്ക് ദൈവസ്നേഹം യഥാർത്ഥമായി സ്വീകരിച്ച് അംഗീകരിക്കുവാൻ കഴിയുകയില്ല. ഈ ഭൂമിയിൽ സ്വന്തം പിതാവിൽ നിന്നും സമൃദ്ധമായി അനുഭവിക്കാൻ കഴിയുന്ന സ്നേഹത്തിനും പ്രതിപത്തിക്കും, ദൈവത്തിന്റെ സ്വർഗീയ പിതൃത്വം എന്ന സങ്കൽപ്പത്തെ സ്വാധീനിക്കാൻ കഴിയും.

ഉദ്യോഗസ്ഥകളായ അമ്മമാരുടെ കുട്ടികൾ

ഉദ്യോഗസ്ഥകളായ അമ്മമാർ ഇന്ന് സർവ്വസാധാരണമാണ്. ഈ പ്രതിഭാസം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. കുടുംബവരുമാനത്തിന് മുതൽ കൂട്ടാനോ, പഠിച്ച തൊഴിൽ പരിശീലിക്കാനോ, സാമൂഹിക അന്തസ്സ് നിലനിർത്താനോ വേണ്ടിയാണ് മിക്ക സ്ത്രീകളും ജോലി ചെയ്യുന്നത്. തങ്ങളുടെ കൊച്ചുകുഞ്ഞുങ്ങൾക്ക് ദൈനംദിന ശുശ്രൂഷ നൽകുന്നതിൽ ഇത് പ്രായോഗിക ക്ലേശങ്ങൾ ഉണ്ടാക്കുന്നു. ഈ കുട്ടികൾ ആയമാരുടെയോ ശിശുവളർത്തൽ കേന്ദ്രങ്ങളുടെയോ സംരക്ഷണത്തിൽ വളരേണ്ടിവരുന്നു. ഒരു കുട്ടിയോടൊപ്പം കൂടുതൽ സമയം ചിലവഴിക്കുകയും കുട്ടിയിൽ അതീവ താൽപര്യം കാണിക്കുകയും ചെയ്യുന്ന ആയ സ്വന്തം മനസ്സിലുള്ളത് അവന് പകർന്നുകൊടുക്കും. കുട്ടിയുമായി ആത്മീയബന്ധം സ്ഥാപിക്കുന്ന ആയ അവളുടെ മാനസീകാവസ്ഥകൾ, ഉച്ചാരണരീതി, ഭാഷ, ധാർമ്മിക ആത്മീയ മൂല്യങ്ങൾ, ചേഷ്ടകൾ, നിലപാടുകൾ, ജീവിതരീതികൾ തുടങ്ങിയവ പകർന്നുകൊടുക്കുന്നു. കുട്ടികളാകട്ടെ ഇതെല്ലാം ഉൾക്കൊള്ളുകയും ക്രമേണ ഇവയെല്ലാം അവന്റെ / അവളുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നു.

ഇവിടെ മനഃശാസ്ത്രപരമായ ഒരു തടസ്സം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. താൻ കുട്ടിയുടെ യഥാർത്ഥ അമ്മയല്ലെന്ന വസ്തുത ആയക്കറിയാം. തന്നെ ഏല്പിക്കുന്ന കുട്ടിക്ക് സ്നേഹവും വാത്സല്യവും പകർന്നുകൊടുക്കാൻ ആയക്ക് കഴിയും. എന്നാൽ ഈ സ്നേഹ വാത്സല്യങ്ങൾ അമ്മക്കു പകർന്നു കൊടുക്കാൻ കഴിയുന്നതിന്റെ അടുത്തെങ്ങും എത്തുകയില്ല. മാതൃസ്നേഹത്തിനും സംരക്ഷണത്തിനും പകരം വയ്ക്കാവുന്ന മറ്റൊന്നില്ല. മാതാപിതാക്കളാൽ സ്നേഹിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന കുട്ടികൾ പൊതുവെ സ്നേഹസമ്പന്നരും സഹകരണമനോ

ഭാവമുള്ളവരും വിശ്വസ്തരും സത്യസന്ധരും തുറന്ന പെരുമാറ്റമുള്ളവരും വൈകാരികസ്ഥിരത യുള്ളവരും അത്യുത്സാഹികളും സന്തോഷമുള്ള വരും ആയിരിക്കും. എന്നാൽ അവഗണിക്കപ്പെടു ന്നതായി സ്വയം തോന്നലുള്ള കുട്ടികൾ വഴക്കാളി കളും അരക്ഷിത ബോധമുള്ളവരും വൈകാരിക സ്ഥിരത ഇല്ലാത്തവരും അമർഷമുള്ളവരുമായിരി ക്കും. ചില കുട്ടികൾ മാത്രം ഇതിൽനിന്ന് വ്യത്യ സ്തരായിരിക്കും.

ശരിയായ സുരക്ഷിതത്വ ബോധം

ഒരു കുട്ടിയുടെ ജീവിതത്തിന് അടിസ്ഥാനമായി സുരക്ഷിതത്വബോധം ലഭിക്കുവാൻ സ്നേഹിക്കപ്പെ ടുക എന്ന ലളിതമായ കാരണംമതി. ഈ സുരക്ഷി തത്വബോധം മനുഷ്യരാശിയുടെ എല്ലാ അളവുകോ ലുകൾക്കും അതീതമാണ്. കുടുംബത്തിന്റെ അംഗീ കാരത്തിൽ നിന്നാണ് കുട്ടികളിൽ ഈ സുരക്ഷിത ത്വബോധം നിറയുന്നത്. ജീവിതത്തിന്റെ വെല്ലുവി ളികളെ ആത്മവിശ്വാസത്തോടെ കണ്ടെത്താനും നേരിടുവാനും ഇത് അവരെ പ്രാപ്തരാക്കുന്നു. മാതാപിതാക്കളിൽ നിന്നും തീവ്രസ്നേഹം ലഭി ക്കുന്ന കുട്ടികൾ ജീവിത യാഥാർത്ഥ്യങ്ങളെ നേരി ടുന്നതിൽ സ്നേഹം ലഭിക്കാത്ത കുട്ടികളേക്കാൾ കൂടുതൽ കഴിവുനേടുന്നു. ക്ലേശകരമായ ജീവിത സാഹചര്യങ്ങൾക്കൊത്ത് ഉയരുവാനും അവയെ അതിജീവിക്കുവാനും ആദ്യത്തെ വിഭാഗം കുട്ടികൾക്കു കഴിയുമ്പോൾ മാതാപിതാക്കളുടെ സ്നേഹം ഒരംഗീകാരമായും ദൈവത്തിന്റെ പിതൃ തുല്യവാത്സല്യമായും കുട്ടികൾക്ക് അനുഭവപ്പെടും. ഈ സ്നേഹം ജീവിതത്തെ വിജയകരമായി കൈകാര്യം ചെയ്യുന്നതിന് അവർക്ക് ധൈര്യവും കരുത്തും നൽകും.

സ്നേഹിക്കാനുള്ള കഴിവ്

സ്നേഹം അനുഭവിക്കാൻ ഇടവന്ന കുട്ടികൾക്ക് സമീകൃത വളർച്ച ലഭിക്കുമെന്നുമാത്രമല്ല, അവൻ/ അവൾ ഒരേസമയം തന്നെയും മറ്റുള്ളവരേയും സ്നേഹിക്കാനുള്ള കഴിവ് ആർജ്ജിക്കുകയും ചെയ്യും. മന:ശാസ്ത്രത്തിന്റെയും ദൈവശാ സ്ത്രത്തിന്റെയും ഉൾക്കാഴ്ചകൾ വിളക്കിയെടുത്തു രചിച്ച “സ്വയം മനസ്സിലാക്കുന്നതിന്റെ കല” എന്ന പുസ്തകത്തിൽ ഡോ. ഡിസിൽ ഓസ്ബോൺ ഇങ്ങനെ പറഞ്ഞു: സ്നേഹിക്കപ്പെടുക എന്ന അനു ഭവമില്ലെങ്കിൽ നമുക്കൊരിക്കലും മറ്റുള്ളവരെ സ്നേഹിക്കാണോ ആത്മസ്നേഹം എന്തെന്നനുഭ വിക്കാണോ കഴിയുകയില്ല. സ്നേഹിക്കപ്പെടു ന്നതിൽ നിന്നാണ് സ്നേഹിക്കാനുള്ള കരുത്ത് നാം ആർജ്ജിക്കുന്നത്.

താഴെപ്പറയുന്ന വിശുദ്ധ യോഹന്നാന്റെ വചന ങ്ങളാണ് ഈ കണ്ടെത്തലിന് പ്രചോദനമായത്. അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു (1 യോഹ. 4:19). സ്നേഹിക്കപ്പെ ടുന്നതുകൊണ്ടാണ് നാം സ്നേഹിക്കാൻ പഠിക്കു ന്നത്.

ഭവനം പലവിധത്തിൽ ഈ ലോകത്തിന്റെ ചെറിയ പതിപ്പാണ്. നല്ലതോ ചീത്തയോ ആയ വിധത്തിൽ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന ശക്തി കളും പരസ്പര പ്രവർത്തനങ്ങളും നമ്മുക്കവിടെ കാണാം. കുടുംബാംഗങ്ങളുടെ ധാർമ്മീക-ആത്മീയ മൂല്യങ്ങൾ, ദർശനങ്ങൾ, ജീവിതരീതികൾ തുടങ്ങി യവയെല്ലാം നിശ്ചയമായും ബോധപപൂർവ്വം കുട്ടികൾ ഉൾക്കൊള്ളും. സ്നേഹത്തിന്റെയും മമ തയുടെയും അതല്ലെങ്കിൽ ശത്രുതയുടെയും അനാ സ്ഥയുടെയും സാഹചര്യം കുട്ടികളിൽ ഒരിക്കലും മായാത്ത പ്രതിഫലനം ഉണ്ടാക്കും. ഓരോ കുട്ടി യുടേയും ശാരീരികവും, ബുദ്ധിപരവും ആത്മീയവും സാമൂഹികവുമായ വളർച്ചക്കും വികാസത്തിനും രക്ഷകർത്താക്കൾ വലിയ സ്വാധീനം ചെലുത്തുന്നു.

കുടുംബത്തിന്റെ സ്വാധീനം അത്രമാത്രം അഗാ ധമാണെന്ന വസ്തുതയിൽ സംശയത്തിന്റെ നിഴൽ പോലുമില്ല. ഒരു ഇരട്ടസഹോദരന്മാരുടെ ഉദാഹ രണം ഇവിടെ പ്രസക്തമാണ്. വ്യക്തിപരമോ, സാമ്പ ത്തികമോ ആയ കാരണങ്ങളാൽ ഇവർ വേർപിരി യുന്നു. അവരിലൊരാൾ ദൈവവിശ്വാസമുള്ള കുടും ബത്തിൽ വളരുന്നു. അപരനാകട്ടെ പൊരുത്തക്കേ ടുകൾ നിറഞ്ഞ ദൈവവിരുദ്ധമായ സാഹ്ചര്യ ത്തിലും വളരുന്നു. പല വർഷങ്ങൾക്കുശേഷം നോക്കിയാൽ ഇരുവരുടെയും സ്വഭാവത്തിലും ജീവി തരീതികളിലും പ്രതിക്രണങ്ങളിലും വ്യക്തവും ഗൗരവത്രവുമായ വ്യതൃസ്തത കാണാനാവും. പ്രസിദ്ധമായ സുഭാഷിതം ഇവിടെയോർക്കുക; ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസി പ്പിക്കുക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുക യില്ല. (സദൃ. 22:6).

സ്വന്തം ഗൃഹാന്തരീക്ഷത്തിൽ നെയ്തുറപ്പിക്കു ന്നതും പ്രകടമാക്കുന്നതുമായ ഈ വിജ്ഞാ നത്തിന്റെ പൊരുൾ ജീവിതത്തിലാചരിക്കുവാൻ ശ്രദ്ധിക്കുന്ന മാതാപിതാക്കൾ വളരെ വിരളമാണ്. ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ആരാധിക്കുകയും സ്നേഹത്തോടും പരിശുദ്ധി യോടും കൂടി ഓർക്കുകയും ചെയ്യുന്ന കുടുംബങ്ങൾ അനുഗ്രഹിക്കപ്പെട്ടവയാണ്. ഒരു ക്രിസ്ത്യൻ കുടും ബത്തിന് ഇപ്രകാരം ചെലുത്താൻ കഴിയുന്ന മഹ ത്തായ സ്വാധീനത്തിന്റെ മനോഹരമായ ഉദാഹ രണം തിമോത്തിയോസ് എന്ന കുട്ടിയിലൂടെ പുതി യനിയമം നമ്മെ പഠിപ്പിക്കുന്നു. നീയോ ഇന്നവ രോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേ ശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ

നിലനിൽക്കുക. (2 തിമോത്തി 3:14,15).

നേരായ നിലപാട്

അകൃത്രിമവും നിസ്വാർത്ഥവുമായ സ്നേഹം പരസ്പരമുണ്ടെങ്കിൽ സുരക്ഷിതത്വ ബോധത്തിന്റെയും അംഗീകാരത്തിന്റെയും കുടുംബാംഗങ്ങൾ തമ്മിലുള്ള ഊഷ്മളമായ വ്യക്തിബന്ധങ്ങളുടെയും അന്തരീക്ഷം സ്വമേധയാ ഉടലെടുക്കുന്നു. ഭക്ഷണവും വസ്ത്രവും അഭയസ്ഥാനവും പോലെതന്നെ കുട്ടികൾക്ക് പ്രധാനമാണ് സുരക്ഷിതത്വവും അംഗീകാരവും. ന്സേഹത്തിന്റെ പ്രയോഗികവും അനിഷേധ്യവുമായ പ്രതികരണമാണ് അംഗീകാരം. അംഗീകാരം നിരുപാധികം ആയിരിക്കുകയും വേണം.

ഉദാഹരണത്തിന് കുടുംബത്തിലെ ഒരു കുട്ടിക്ക് മറ്റുള്ളവരേക്കാൾ കറുത്ത നിറമാണെന്നിരിക്കട്ടെ, ഈ കാരണംകൊണ്ട് അവനോട്/അവളോട് മറ്റുള്ളവരേക്കാൾ വ്യത്യസ്തമായി പെരുമാറുന്നത് ശരിയാണോ? ചില കുട്ടികൾ മറ്റുകുട്ടികളെപോലെ പഠനത്തിൽ മിടുക്കരാകണമെന്നില്ല. ഇവരെയും സ്വന്തം കുട്ടികളെന്നു കരുതി ഹൃദയവിശാലതയോടെ അംഗീകരിക്കുകയാണ് വേണ്ടത്. ചില കുട്ടികൾ കലകളിലോ കളികളിലോ ജീവിതത്തിന്റെ മറ്റേതെന്ഗ്കിലും പ്രായോഗിക മേഖലകളിലോ സാമർത്ഥ്യമുള്ളവരായിരിക്കും. അവരെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

ഒരു കുട്ടി ആയിരിക്കുന്ന അവസ്ഥയിൽ അവനെ/അവളെ അംഗീകരിക്കാൻ നാം തയ്യാറാകണം. നാം നമ്മുടെതന്നെ പ്രതിഛായയിലും ഇഷ്ടാനുസരണത്തിലും വളരുവാൻ കുട്ടികളെ നിർബന്ധിക്കുകയാണ് പലപ്പോഴും ചെയ്യുന്നത്. കുട്ടികളോട് നമുക്ക് യഥാർത്ഥ താല്പ്പര്യമുണ്ടെങ്കിൽ നാം തികച്ചും അനുകൂലമായ ഒരു നിലപാടെടുക്കണം. പൂർണ്ണവ്യക്തിത്വത്തോടെ ഒരു കുട്ടിക്ക് വളരാനുള്ള അന്തരീക്ഷം മെനഞ്ഞെടുക്കുന്നതിന് സഹായകമാകുന്നത് സ്നേഹപൂർണ്ണമായ സമീപനം മാത്രമാണ്. ഈ സ്നേഹമുണ്ടെങ്കിൽ കുടുംബം സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സ്വർഗമായി മാറും. ഈ സ്വർഗ്ഗീയാവസ്ഥ കവർന്നെടുക്കാൻ ആർക്കും കഴിയുകയില്ല. ആഹ്ളാദവും സമാധാനവും ഉണ്ടെങ്കിൽ അവിടെ ചോദ്യങ്ങൾ ചോദിക്കുവാനും തുറന്ന ചർച്ചകളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കഴിയും. സ്നേഹവും സൗഹാർദവും, വൈകാരികമായ എതിർപ്പിനെയും ശത്രുതയേയും ഇല്ലായ്മചെയ്യും. ഒരു കുട്ടിയുടെ ലോകം മുതിർന്നവരുടേതുപോലെ തന്നെ സങ്കീർണ്ണമാണെന്ന കാര്യം നാം എപ്പോഴും ഓർക്കേണ്ടതുണ്ട്. ലോകത്തിന്റെ വെല്ലുവിളികളേയും വൈരുദ്ധ്യങ്ങളേയും നേരിടുന്നതിനുള്ള കരുത്തത്താജ്ജിക്കുന്നതിന് കുട്ടികൾക്ക് മാതാപിതാക്കളുടെയും മറ്റു കുടുംബാംഗങ്ങളുടെയും സ്നേഹപൂർവ്വമായ സമീപനം ആവശ്യമാണ്.

വൈകാരിക പക്വത

നമ്മുടെ കുട്ടികളിൽ വൈകാരിക പക്വത വളർത്തിയെടുക്കാൻ എങ്ങനെ കഴിയും? വൈകാരിക പക്വതയെക്കുറിച്ച് വിശുദ്ധ പൗലൊസ് ഇങ്ങനെ പറഞ്ഞു: 'ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു, പുരുഷനായ ശേഷമോ ഞാൻ ശിശുവിനുള്ളതു ത്യജിച്ചുകളഞ്ഞു' (1 കൊരി. 13:11). എന്താണ് ഈ വൈകാരിക പക്വത. വൈകാരിക പക്വത എന്നാൽ തന്റെ വികാരങ്ങളെ പൂർണ്ണമായി നിയന്ത്രിക്കുന്നതിൽ ഒരു വ്യക്തിയുടെ മാനന്സികവും ഹൃദയപരവുമായ നിലപാടാണ്.

വൈകാരിക പക്വതയുടെ ആവശ്യകതയെ നാം അംഗീകരിക്കുന്നുണ്ടോ? ഈ ലോകത്തുള്ള ബന്ധങ്ങളെ വിജയകരമായി കൈകാര്യം ചെയ്യാൻ ഏറ്റവും സങ്കീർണ്ണത അനുഭവപ്പെടുന്നതു മാനുഷിക ബന്ധങ്ങളുടെ കാര്യത്തിലാണ്. നാം മാത്രമാണ് ഈ ഭൂമുഖത്തെങ്കിൽ ജീവിതം അനായാസവും ആഹ്ളാദകരവുമായിരിക്കുമോ എന്ന് ആലോചിച്ചു നോക്കാവുന്നതാണ്. സംഘർഷരഹിതമായിരിക്കുമോ ആ ജീവിതം. നമ്മുടെ വികാരങ്ങളെ മുറിവേല്പിക്കാനോ ഉറക്കം കെടുത്താനോ ആരെങ്കിലും ഉണ്ടാകുമോ?

ഒരു മനുഷ്യനും മറ്റുള്ളവരിൽ നിന്നും വേറിട്ടു നിൽക്കാനാവില്ല. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവൻ ഒറ്റപ്പെട്ടു ജീവിക്കണം എന്ന് ദൈവം ആഗ്രഹിച്ചില്ല. "അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, ഞാൻ അവനു തക്കതായ ഒരു തുണ ഉണ്ടാക്കിക്കൊടുക്കും എന്ന് അരുളിചെയ്തു' (ഉൽപത്തി 2:18). നാമിഷ്ടപ്പെട്ടാലുമില്ലെങ്കിലും അതേക്കുറിച്ചാലോചിച്ചാലുമില്ലെങ്കിലും ഈ ദൈവനിശ്ചയപ്രകാരം മനുഷ്യൻ സാമൂഹ്യ ജീവിയായി തീർന്ന് മറ്റുള്ളവരുമായി സഹകരിക്കുവാനും, അവരിലൊരാളാകുവാനും ഏതോ നൈസർഗികമായ വികാരം നമ്മെ പ്രേരിപ്പിക്കുന്നു. മറ്റുള്ളവരുമായി ഒത്തുചേർന്നു ജീവിക്കാൻ പഠിക്കേണ്ടത് അത്യാവശ്യമാണ്. ഈ പൊരുത്തപ്പെടൽ സ്വാഭാവികമാണെങ്കിലും അതിനുള്ള അറിവ് സ്വയം നേടാനാവില്ല.

ജീവിതവിജയത്തിന്റെ താക്കോലാണ് വൈകാരികപക്വത. മറ്റു മനുഷ്യരുമൊത്ത് സൗഹാർദപൂർവ്വം വിജയകരമായി ജീവിക്കുന്നതിന് ഇത് അത്യാവശ്യമാണ്. വിശുദ്ധ പൗലൊസ് റോമർക്ക് എഴുതിയ ലേഖനത്തിൽ അവരേയും നമ്മേയും ഇങ്ങനെ ഓർമ്മിപ്പിക്കുന്നു. 'കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ' (റോമർ 12:18). എങ്ങനെ ഇതിനു കഴിയും?

അല്ലെങ്കിൽ എന്നെങ്കിലും ആർക്കെങ്കിലും ഇതിനു കഴിയുമോ? വൈകാരിക പക്വതയുടെ പരിത്യാഗ മായ ഘടകമെന്ന നിലക്ക് നാം എപ്പോഴും ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ദൈവത്തിന്റെ സ്നേഹ ഭാജനങ്ങളായ കുട്ടികളാണ് ഈ ഭൂമിയിൽ ക്രിസ്തുവിന്റെ പ്രതിനിധികൾ. നാമെല്ലാം അവരോ ടൊപ്പമാണ് ജീവിക്കേണ്ടത്. നയിക്കുന്നവർക്കും നയിക്കപ്പെടുന്നവർക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വ്യാപാരികൾക്കും തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും പുരോഹിതർക്കും ഇടവകക്കാർക്കും സഹോദരീ-സഹോദരന്മാർക്കും സാധാരണ ജനങ്ങൾക്കുമടക്കം ആബാലവൃദ്ധം ജനങ്ങൾക്കുമിത് ബാധകമാണ്.

തികഞ്ഞ സമഭാവനയും കുലീനതയും കലർന്ന വിധം ജനക്കൂട്ടത്തോടൊപ്പവും വ്യക്തികളോടൊപ്പവും സഞ്ചരിച്ച് അവരെ പഠിപ്പിക്കുകയും ധർമ്മ ബോധനം നടത്തുകയും ചെയ്യുന്ന യേശുക്രിസ്തുവിനെ നമുക്ക് സുവിശേഷങ്ങൾ വായിക്കുമ്പോൾ കാണാം. 'ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല (യോഹ. 7:46). എല്ലാ കാര്യങ്ങളും അദ്ദേഹം മികവോടെ ചെയ്തുതീർത്തു. അവൻ സകലവും നന്നായി ചെയ്തു. ചെകിടരെ കേൾക്കുമാറാക്കുന്നു: ഊമരെ സംസാരിക്കുമാറാക്കുന്നു' (മർക്കൊസ് 7:37). സംഭവവികാസങ്ങളുടെ ആകസ്മികമാറ്റങ്ങൾ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലായിരുന്നു. രണ്ടു സന്ദർഭങ്ങളിൽ മാത്രമാണ് അദ്ദേഹം ക്ഷുഭിതനാകുന്നത് നാം കാണുന്നത്. പള്ളിയിൽ കള്ളക്കച്ചവടം നടത്തിയവരെ അദ്ദേഹം ആട്ടിപ്പായിച്ചു. 'യഹൂദന്മാരുടെ പെസഹ സമീപം ആകകൊണ്ടു യേശു യെരുശലേമിലേക്കു പോയി ദൈവാലയത്തിൽ കാള, ആട്, പ്രാവ് എന്നിവയെ വില്ക്കുന്നവരേയും അവിടെ ഇരിക്കുന്ന പൊൻവാണിഭക്കാരേയും കണ്ടിട്ടു കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളേയും ആളുകളേയും ദൈവാലയത്തിൽ നിന്നും പുറത്താക്കി. പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു, മേശകളെ മറിച്ചിട്ടു, പ്രാവുകളെ വില്ക്കുന്നവരോട്: ഇത് ഇവിടെനിന്ന് കൊണ്ടുപോകുവിൻ, എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത് എന്ന് പറഞ്ഞു' (യോഹ. 2:13-16). കപടഭക്തിക്കാരായ പരീശന്മാരേയും അവരുടെ കുബുദ്ധിയേയും നയകാപട്യത്തേയും അദ്ദേഹം അധിക്ഷേപിച്ചു.

'അവൻ സംസാരിക്കുമ്പോൾതന്നേ ഒരു പരീശൻ തന്നോടുകൂടെ മുത്താഴം കഴിപ്പാൻ അവനെ ക്ഷണിച്ചു, അവനും അകത്തു കടന്ന് ഭക്ഷണത്തിനിരുന്നു. മുത്താഴത്തിനുമുമ്പെ കുളിച്ചില്ലായെന്ന് കണ്ടിട്ട് പരീശൻ ആശ്ചര്യപ്പെട്ട. കർത്താവ് അവനോടു പരീശന്മാരായ നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറംവെടിപ്പാക്കുന്നു. നിങ്ങളുടെ ഉള്ളിലോ കവർച്ചയും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു. മൂഢന്മാരെ, പുറം ഉണ്ടാക്കിയവൻ അല്ലയോ അകവും ഉണ്ടാക്കിയത്? അകത്തുള്ളതു ഭിക്ഷയായി കൊടുപ്പീൻ, എന്നാൽ സകലവും നിങ്ങൾക്ക് ശുദ്ധമാകും എന്നു പറഞ്ഞു. പരീശന്മാരായ നിങ്ങൾക്കു അയ്യോ കഷ്ടം, നിങ്ങൾ തുളസിയിലും അരൂതയിലും എല്ലാ ചീരയിലും പതാരം കൊടുക്കയും ന്യായവും ദൈവസ്നേഹവും വിട്ടുകളകയും ചെയ്യുന്നു. ഇതു ചെയ്യുകയും അതു ത്യജിക്കാതിരിക്കുകയും വേണം. പരീശന്മാരായ നിങ്ങൾക്ക് അയ്യോ കഷ്ടം, നിങ്ങൾക്ക് പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും പ്രിയമാകുന്നു. നിങ്ങൾക്ക് അയ്യോ കഷ്ടം, നിങ്ങൾ കാൺമാൻ കഴിയാത്ത കല്ലറകളെപ്പോലെ ആകുന്നു, അവയുടെ മീതെ നടക്കുന്ന മനുഷ്യൻ അറിയുന്നില്ല. ന്യായശാസ്ത്രിമാരിൽ ഒരുത്തൻ അവനോട്: ഗുരോ ഇങ്ങനെ പറയുന്നതിനാൽ നീ ഞങ്ങളേയും അപമാനിക്കുന്നു എന്നു പറഞ്ഞു. അതിന് അവൻ പറഞ്ഞത്, ന്യായശാസ്ത്രിമാരായ നിങ്ങൾക്കും അയ്യോ കഷ്ടം: എടുപ്പാൻ പ്രയാസമുള്ള ചുമടുകൾ നിങ്ങൾ മനുഷ്യരെക്കൊണ്ടു ചുമപ്പിക്കുന്നു. നിങ്ങൾ ഒരു വിരൽകൊണ്ടുപോലും ആ ചുമടുകളെ തൊടുന്നില്ല. നിങ്ങൾക്ക് അയ്യോ കഷ്ടം, നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകൾ പണിയുന്നു, നിങ്ങളുടെ പിതാക്കന്മാർ അവരെ കൊന്നു. അതിനാൽ നിങ്ങളുടെ പിതാക്കനാരുടെ പ്രവർത്തികൾക്കു നിങ്ങൾ സാക്ഷികളായിരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. അവർ അവരെ കൊന്നു, നിങ്ങൾ അവരുടെ കല്ലറകളെ പണിയുന്നു. അതുകൊണ്ട് ദൈവത്തിന്റെ ജ്ഞാനവും പറയുന്നത് ഞാൻ പ്രവാചകന്മാരെയും അപ്പൊസ്തലന്മാരെയും അവരുടെ അടുക്കൽ അയക്കുന്നു. അവരിൽ ചിലരെ അവർ കൊല്ലുകയും ഉപദ്രവിക്കുകയും ചെയ്യും. ഹാബേലിന്റെ രക്തം തുടങ്ങി യാഗപീഠത്തിനും ആലയത്തിനും നടുവിൽവച്ച് പട്ടുപോയ സെഖര്യാവിന്റെ രക്തം വരെ ലോകസ്ഥാപനം മുതൽ ചൊരിഞ്ഞിരിക്കുന്ന സകല പ്രവാചകന്മാരുടെയും രക്തം ഈ തലമുറയോട് ചോദിപ്പാൻ ഇടവരേണ്ടതിനു തന്നേ. അതേ, ഈ തലമുറയോട് അതു ചോദിക്കും എന്ന് ഞാൻ നിങ്ങളോടു പറയുന്നു. ന്യായശാസ്ത്രിമാരായ നിങ്ങൾക്കു അയ്യോ കഷ്ടം, നിങ്ങൾ പരിജ്ഞാനത്തിന്റെ താക്കോൽ എടുത്തു കളഞ്ഞു, നിങ്ങൾതന്നെ കടന്നില്ല, കടക്കുന്നവരെ തടുത്തും കളഞ്ഞു (ലൂക്കൊസ് 11:37-52)..

ക്ഷോഭിക്കുന്നതിലൂടെ യേശുക്രിസ്തു തന്റെ അധികാരമുപയോഗിച്ച് സഹാനുഭൂതി പകരുകയാണുണ്ടായത്. ഇത് മറ്റുള്ളവരുടെ നൊമ്പരങ്ങൾക്ക് ആശ്വാസം പകരാനാണ്. അല്ലാതെ മറ്റുള്ളവരെ മുറിവേലിപിക്കാനും അകറ്റിനിർത്താനുമല്ല ഇടയാക്കിയത്. ഇതു തന്നെയാണ് വൈകാരിക പക്വത. ഈ പക്വത നേടിയെടുക്കേണ്ടത് നമ്മുടെ കടമയാണ്.

സഹജീവികളായ മറ്റു മനുഷ്യരുടെ ഇടയിൽ ക്രിസ്തുവിന്റെ പ്രതിനിധിയായി ജീവിക്കുന്നതിന് ഇത് കൂടിയേ തീരൂ.

വൈകാരിക പക്വത എങ്ങനെ വളർത്തിയെടുക്കാം.

സ്വന്തം വികാരങ്ങളെയും അനുഭവങ്ങളെയും പ്രതികരണങ്ങളെയും മന:ക്ഷോഭങ്ങളെയും ഇഷ്ടാനിഷ്ടങ്ങളെയും നിയന്ത്രണത്തിലാക്കി വളർന്നുവരത്തക്കവിധം കുട്ടികൾ വൈകാരിക പക്വത ആർജ്ജിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് നിശ്ചയമായും മാതാപിതാക്കളുടെ കടമയാണ്. കുട്ടികളെ അവരുടെ ഓരോ പ്രവർത്തിയുടെയും പൂർണ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പഠിപ്പിക്കുക. ഈ ഉത്തമലക്ഷ്യം നേടിയെടുക്കാണുള്ള എളുപ്പമാർഗം അതാണ്. തികഞ്ഞ ആലോചനയോടും കരുതലോടുംകൂടി തീരുമാനങ്ങളെടുക്കാൻ ഇതവർക്ക് പ്രോത്സാഹനവും പ്രചോദനവും നൽകും. ഇത്തരം ഉത്തരവാദിത്വം അവരിൽ വളർത്തിയെടുത്തില്ലെങ്കിൽ ജീവിതം മുഴുവൻ തീരുമാനങ്ങളെടുക്കുന്നതിനും തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും അവർക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരും.

സ്വന്തം തിരഞ്ഞെടുപ്പുകൾക്കും തീരുമാനങ്ങൾക്കും പ്രവർത്തികൾക്കും മന:പൂർവ്വമായ കൃത്യവിലോപങ്ങൾക്കും ആലോചനാശൂന്യമായ പ്രവർത്തനങ്ങൾക്കുമുള്ള പ്രത്യാഘാതങ്ങളെ ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടി നേരിടുന്നതിന് പ്രാപ്തരാകേണ്ടത് മാതാപിതാക്കളുടെ കടമയാണ്. തെറ്റുകൾ ഉണ്ടായാൽ തന്നെ സ്വയം തിരുത്താനും പക്വമായ തീരുമാനങ്ങളിൽ എത്താനും ഭാവിജീവിതത്തിൽ ശരിയായ പാതയിൽ സഞ്ചരിക്കുവാനും അവരെ പഠിപ്പിക്കണം. സമൂഹം അംഗീകരിക്കാത്തവരെകൂടി സ്നേഹിക്കുവാനും ബഹുമാനിക്കുവാനും അവർക്ക് കഴിയണം.

കുട്ടികളിൽ വൈകാരിക പക്വത വളർത്തിയെടുക്കാൻ സഹായിക്കുന്നതിൽ രക്ഷകർത്താക്കൾക്കുള്ള പ്രാഥമികമായ പങ്ക് എന്തൊക്കെയെന്ന് നമുക്ക് മനസിലാക്കാൻ കഴിഞ്ഞു. മാതാപിതാക്കൾക്കു പുറമേ കുട്ടികളുമായി നിത്യം ബന്ധപ്പെടുന്ന മറ്റു ചിലർകൂടിയുണ്ട്. അദ്ധ്യാപകർ, പുരോഹിതർ, ഉപദേശിമാർ, സുവിശേഷവേല നടത്തുന്ന സഹോദരീ-സഹോദരന്മാർ, സാമൂഹിക പ്രവർത്തകർ തുടങ്ങി നിരവധിപേർ കുട്ടികളിൽ വൈകാരിക പക്വത വളർത്തുന്നതിനുവേണ്ടി അവരുമായി ഇടപഴകുമ്പോൾ മുതിർന്ന ഓരോരുത്തരും ശ്രദ്ധിക്കേണ്ട ചില വസ്തുതകളാണ് ഇനിയും വിവരിക്കുന്നത്.

1. ചുമതലകൾ ഏറ്റെടുക്കുവാനും വിശ്വസ്തരാകുവാനും കുട്ടികൾക്ക് പ്രേരകമാകുക. കുട്ടികളെ ഒരു നിശ്ചിതജോലി ഏൽപിച്ചാൽ അവരത് തൃപ്തികരമായി പൂർത്തിയാക്കുന്നുണ്ടോ എന്നത് തുടർച്ചയായി ശ്രദ്ധിക്കേണ്ടതാണ്. ഒരാളുടെ ശേഷിക്കുപരിയായ ജോലി ഏല്പിക്കുന്നത് അയാളെ നിരുത്സാഹപ്പെടുത്തുന്നതിന് തുല്യമാണ്. അവർ ആത്മവിശ്വാസം നശിച്ചവരും അധൈര്യവാന്മാരുംപ്രയോജനരഹിതരുമായിതീരും. സ്വന്തം കുടുംബത്തിൽ നിന്നും കുട്ടികളിൽ നിന്നും ഒളിച്ചോടുന്നത് അപക്വമതികളായ മാതാപിതാക്കളാണ്. ശാന്തരായി പ്രശ്നങ്ങളേക്കുറിച്ച് ചർച്ച നടത്തി പരിഹാരം കണ്ടെത്തുന്നതിനു പകരം അന്യോന്യം കലഹിച്ചും അക്രമം കാട്ടിയും സമയം കളയുന്നത് ശരിയല്ല.

2. ശരിയായി ചിന്തിച്ച് വിവേകപൂർവ്വം പ്രായോഗിക തീരുമാനങ്ങളെടുക്കാൻ കുട്ടികളെ പഠിപ്പിക്കണം. അതിവ്യഗ്രതമൂലം മുൻകൂട്ടി ആലോചിക്കാതെയും ആസൂത്രണം ചെയ്യാതെയുമാണ് സാധാരണ കുട്ടികൾ പ്രതികരിക്കുന്നത്. പരിണിതഫലങ്ങളെക്കുറിച്ച് ആലോചിക്കാതെയാണ് അവരുടെ മിക്ക പ്രവർത്തികളും. അതിവ്യഗ്രതമൂലമുള്ള പ്രവർത്തികൾ ശിശുസഹജശീലത്തിന് തെളിവാണ്. ആർക്കെങ്കിലും ഒരാൾക്ക് ഒരു ഗോപുരം പണിയണമെങ്കിൽ ആദ്യം ചെയ്യേണ്ടത് സ്വസ്ഥമായിരുന്ന് അതിനുവേണ്ടിവരുന്ന ചെലവ് കണക്കുകൂട്ടുകയാണ്. പണി പൂർത്തിയാക്കാനുള്ള തുക കയ്യിലുണ്ടോയെന്നു നോക്കുകയും വേണം. മറ്റൊരു രാജാവിനെതിരെ യുദ്ധത്തിന് ഒരുങ്ങമ്പോൾ തന്റെ പതിനായിരം ഭടന്മാരുമായി എങ്ങനെ ഇരുപതിനായിരും ഭടന്മാരുള്ള ശത്രുവിനെ നേരിടുമെന്ന് ഒരു രാജാവ് നിശ്ചയമായും ആലോചിക്കണം. വിശുദ്ധ ലൂക്കൊസിന്റെ ഈ അർത്ഥം വരുന്ന വചനങ്ങൾ നാം മനസ്സിലോർക്കണം. നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിവാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്ന് അതു തീർപ്പാൻ വകയുണ്ടോ എന്നു കണക്കു നോക്കുന്നില്ലയോ? അല്ലെങ്കിൽ അടിസ്ഥാനം ഇട്ടശേഷം തീർപ്പാൻ വകയില്ലായെന്നു വന്നേക്കാം. കാണുന്നുവർ എല്ലാം: ഈ മനുഷ്യൻ പണിവാൻ തുടങ്ങി, തീർപ്പാനോ വകയില്ല എന്നു പരിഹസിക്കുമല്ലോ. അല്ല, ഒരു രാജാവോ മറ്റൊരു രാജാവിനോടു പട ഏല്പാൻ പുറപ്പെടും മുമ്പെ ഇരുന്നു, ഇരുപതിനായിരവുമായി വരുന്നവനോട് താൻ പതിനായിരവുമായി എതിർപ്പാൻ മതിയോ എന്നു ആലോചിക്കുന്നില്ലയോ? (ലൂക്കൊസ് 14:28-31) ഈ ലോകത്തുള്ള എല്ലാ ഗോപുരങ്ങളേക്കാൾ ചെയ്യപ്പെട്ട എല്ലാ യുദ്ധങ്ങളെക്കാൾ വിലയേറിയതാണ് നമുക്ക് നമ്മുടെ കുട്ടികൾ.

3. സ്വയം തീരുമാനങ്ങളെടുക്കാനുള്ള ഇച്ഛാശക്തി വളർത്തിയെടുക്കാനും അനന്തരഫലങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് സന്നദ്ധരാകാനും കുട്ടികളെ പഠിപ്പിക്കണം. പ്രായപൂർത്തിയെത്തിയാലും തീരുമാനങ്ങളെടുക്കാൻ കുട്ടികൾ മാതാപിതാക്കളെയോ മറ്റുള്ളവരെയോ ആശ്രയിക്കേണ്ടിവ

രുന്നത് അപലനീയമാണ്. സമയം പാഴാക്കാതെ സ്വയം തീരുമാനത്തിലെത്താനും ഉത്തരവാദിത്വം ഏറ്റെടുക്കാനും അവരെ പരിശീലിപ്പിക്കണം.

4. സ്വന്തം അനുഭവങ്ങളും പ്രതികരണങ്ങളും സത്യസന്ധവും ക്രിയാത്മകവുമായി പ്രകടിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതെങ്ങനെയെന്ന് കുട്ടികൾക്ക് കാണിച്ചുകൊടുക്കണം. അമൂല്യമായ ഈ പാഠം പഠിപ്പിക്കാൻ വീടിനേക്കാൾ പറ്റിയ മറ്റൊരു സ്ഥലമില്ല. മാതാപിതാക്കൾ അവരുടെ പ്രവർത്തികളിലുടെ ഇത് കുട്ടികൾക്ക് മനസിലാക്കി കൊടുക്കുകയും അവരുടെ പ്രതികരണം ശ്രദ്ധിക്കുകയും വേണം. ചീന്ത്ത ഭാഷയും ദൈവനിന്ദാവചനങ്ങളും കുട്ടികളുടെ മുമ്പിൽ പ്രയോഗിക്കരുത്. നാം വിചാരിക്കുന്നതിലേറെ കാര്യങ്ങൾ പച്ചപ്ടിച്ചു നിൽക്കുന്ന ഓർമ്മശക്തിയാണ് അവർക്കുള്ളത്. നമുക്കു ചെറുതെന്നു തോന്നുന്നെങ്കിലും അവരുടെ ഭാവനാശക്തി അതിവിപുലമാണ്.നമ്മൾ പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്താൽ കുട്ടികൾ നമ്മെ മാതൃകയാക്കിക്കൊള്ളും. സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്കു യോഗ്യനാകും. സഹോദരനോടു നിസ്സാരൻ എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നില്ക്കേണ്ടിവരും (മത്തായി 5:21,22). “എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവിരിൽ ഒരുത്തന്നു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയ ഒരു തിരികല്ലുകെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തി കളയുന്നതു അവനു നന്ന്. ഇടർച്ച ഹേതുവായി ലോകത്തിന് അയ്യോ കഷ്ടം. ഇടർച്ച വരുന്നതു ആവശ്യം തന്നെ, എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യനു അയ്യോ കഷ്ടം (മത്തായി 18:6,7).

5. തെറ്റുകളിൽ നിന്നും പാഠം പഠിക്കാനുള്ള മനോഭാവം വളർത്തിയെടുക്കാൻ നാം കുട്ടികളെ സഹായിക്കണം. തെറ്റുകൾ മനുഷ്യസഹജമാണ്. തെറ്റാണ് ചെയ്തത് എന്ന് സ്വയം സമ്മതിക്കാനുള്ള ഹൃദയവിശാലതയും സന്ന്ദ്ധതയും നമുക്കുണ്ടായിരിക്കണം. തെറ്റുണ്ടായാൽ അതിന്റെ കുറ്റം മറ്റാരിലെങ്കിലുമോ മറ്റെന്തിലെങ്കിലുമോ ചാരാനുള്ള പ്രവണത സ്വാഭാവികമായും നാം കാണിക്കാറുണ്ട്. ഏതു ഭാഷയിലും അനായാസം ഉപയോഗിക്കാവുന്ന മൂന്നു വാക്കുകളുണ്ട്: ‘ഞാൻ നിന്നെ സ്നേഹിക്കുന്നു‘, അതുപോലെ എല്ലാ ഭാഷകളിലും വ്യവഹരിക്കുന്ന ആയാസമേറിയ മൂന്നു വാക്കുകളുണ്ട്; ‘ഞാൻ തെറ്റു ചെയ്തു’, തെറ്റുകളും കുറ്റങ്ങളും സ്വയം അംഗീകരിക്കാനും കൂട്ടുകാരിലോ വേലക്കാരിലോ മറ്റാരിലെങ്കിലുമോ കുറ്റം ചുമത്തി സ്വന്തം തെറ്റുകുറ്റങ്ങളിൽ നിന്നു രക്ഷപെടാനുള്ള ശ്രമം ഉപേക്ഷിക്കാണും നാം കുട്ടികൾക്ക് തുണയാകണം.

6. മറ്റുള്ളവരോട് ഒത്തുചേർന്നു പോകുന്നതെങ്ങനെയെന്ന് കുട്ടികൾക്ക് കാണിച്ചുകൊടുക്കണം. വൈകാരിക പക്വത എന്ന ഘടകം എത്രത്തോളം പ്രധാനമാണോ അത്രത്തോളം മൗലീകവുമാണത്. ഒരു കുട്ടി ഒരിക്കലും ഓറ്റപ്പെട്ടവനല്ല. അവനു ചുറ്റും മറ്റുകുട്ടികളും മാതാപിതാക്കളും മറ്റു നിരവധി ആളുകളുമുണ്ട്. മറ്റുള്ളവരുടെ അവകാശങ്ങളേയും അഭിപ്രായങ്ങളേയും സൗകര്യങ്ങളേയും ജീവിതരീതികളേയും അംഗീകരിക്കാനും ബഹുമാനിക്കാണും കുട്ടികൾ പഠിക്കുന്നതോടെ വൈകാരികമായി അവർ കൂടുതൽ പക്വത നേടുന്നു. മറ്റുള്ളർ പറഞ്ഞു എന്നതുകൊണ്ടുമാത്രം അതുമായി വിയോജിക്കുക എന്ന ചീത്തശീലം മുതിർന്നവരെപ്പോലെ തന്നെ കുട്ടികൾക്കുമുണ്ട്. ഈ ശീലം ഒഴിവാക്കി ജീവിതത്തോടും ജനങ്ങളോടും സ്ഥലങ്ങളോടും വസ്തുതകളോടും പ്രസന്നമായ വീക്ഷണം പുലർത്താൻ കഴിഞ്ഞാൽ അതുതന്നെ വൈകാരിക പക്വത ആർജ്ജിക്കുന്നതിന്റെ ലക്ഷണമാണ്.

7. മറ്റുള്ളവരോടു സഹാനുഭൂതിയും ദൃഢബന്ധവും പുലർത്താനും അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാനും കുട്ടികൾക്ക് പ്രചോദനം നൽകണം. “മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇഛിക്കുന്നതുപോലെതന്നെ അവർക്കും ചെയ്വിൻ” (ലൂക്കൊസ് 6:31). നമ്മെക്കാൾ നിർഭാഗ്യവാന്മാരായവരോട് കൂടുതൽ ഉദാരമായും നിസ്വാർത്ഥമായും പെരുമാറാൻ കഴിയണം. ഐസ്ക്രീമോ, മിഠായിയോ, മറ്റെന്തെങ്കിലും കൗതുകവസ്തുക്കളോ വാങ്ങാനാണ് കുട്ടികൾ സാധാരണയായി അവർക്കു ലഭിക്കുന്ന ‘പോക്കറ്റ് മണി’ ഉപയോഗിക്കുന്നത്. ഈ പണം ഏതെങ്കിലും പാവപ്പെട്ടവന് മരുന്നോ വസ്ത്രങ്ങളോ മറ്റെന്തെങ്കിലും ആവശ്യവസ്തുക്കളോ വാങ്ങുന്നതിനു നൽകിയാലോ? ആ പ്രവർത്തി വൈകാരിക പക്വത നേടിയതിനു പ്രത്യക്ഷോദാഹരണമാണ്. “രാജാവ് അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോലം എല്ലാം എണിക്കു ചെയ്തു എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും. പിന്നെ അവൻ ഇടത്തുള്ളവരോട്, ശപിക്കപ്പെട്ടവരെ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല. അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല; നഗ്നനായിരുന്നു, നിങ്ങളെന്നെ ഉടുപ്പിച്ചില്ല. രോഗിയും തടവുകാരനുമായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല എന്നു അരുളിച്ചെയ്യും. അതിനു അവർ: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ, ദാഹിക്കുന്നവനോ, അതിഥിയോ, നഗ്നനോ, രോഗിയോ, തടവുകാരനോ, ദാഹിക്കുന്നവനോ ആയി കണ്ടു നിനക്കു ശുശ്രൂഷ ചെയ്യാതിരുന്നതെപ്പോൾ എന്നു ചോദിക്കും. അവൻ

അവരോട്: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്ക് ആകുന്നു ചെയ്യാതിരുന്നത് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു ഉത്തരം അരുളും." (മത്തായി 25:40-45).

ആശയവിനിമയം കുടുംബത്തിൽ

മറ്റു ജീവജാലങ്ങൾക്കൊന്നും നൽകാത്തത് നൽകി ദൈവം മനുഷ്യരാശിയെ അനുഗ്രഹിച്ചിട്ടുണ്ട്. ഈ കൃപ, വാമൊഴിയായോ ശാരീരിക ചലനംകൊണ്ടോ നമ്മുടെ ചിന്തകളും ആശയങ്ങളും മറ്റുള്ളവരെ ധരിപ്പിക്കാനുള്ള അപാരമായ കഴിവാണ്. ആന്തരാർത്ഥമുള്ള ഏതെങ്കിലും സന്ദേശം നൽകാനോ സ്വീകരിക്കാനോ മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ അടയാളങ്ങളും പ്രതീകങ്ങളും ഉപയോഗിച്ചുള്ള പരസ്പര പ്രവർത്തനങ്ങളെയോ വ്യവഹാരങ്ങളെയോ 'ആശയവിനിമയം' എന്ന വാക്കുകൊണ്ട് അർത്ഥമാക്കാം. മാതാപിതാക്കളും കുട്ടികളുമായുള്ള ആശയവിനിമയം യഥാർത്ഥത്തിൽ കുട്ടിയുടെ ജനനത്തിനു മുമ്പുതന്നെ ആരംഭിക്കുന്നു. തന്റെ മാറോടണച്ച് സ്നേഹത്തോടെ ഇളംചൂടും സുരക്ഷിതത്വവും അമ്മ പകർന്നു കൊടുക്കുന്നതു മുതൽ ഈ ആശയവിനിമയം തുടങ്ങുന്നു.

മനുഷ്യ സ്വഭാവത്തെക്കുറിച്ച് പഠിക്കുന്നവർ പരീക്ഷണ നിരീക്ഷണങ്ങളിൽക്കൂടി തെളിയിച്ചിട്ടുള്ള ഒരു വസ്തുതയുണ്ട്. ഗർഭസ്ഥശിശുവിന് മാതാവ് പോഷകമൂല്യങ്ങൾ പകരുന്നു. ഇതിനുപുറമെ മാതാവിന്റെ വ്യക്തിത്വം, അനുഭവങ്ങൾ, വികാരങ്ങൾ, നല്ലതും ചീത്തയുമായ ഗുണവിശേഷങ്ങൾ തുടങ്ങിയവയെല്ലാം കുട്ടിയെ സ്വാധീനിക്കുന്നു. അതുകൊണ്ടാണ് ഗർഭിണികളുടെ ശാരീരികവും മാനസികവുമായ ക്ഷേമം കാത്തുസൂക്ഷിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളത്.

ഇതേ ഊഷ്മളതയും സുരക്ഷിതത്വവും ജനിക്കാൻ പോകുന്ന കുട്ടിക്ക് പകർന്നു കൊടുക്കുന്നതിൽ കുട്ടിയുടെ പിതാവിനു വലിയൊരു പങ്കുണ്ടെന്ന് അനുഭവസമ്പന്നരായ മന:ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കർത്താവിന്റെ സ്നേഹപൂർണ്ണമായ സമീപനം, സാന്നിദ്ധ്യം, ശ്രദ്ധ, ശുശ്രൂഷ ഇതെല്ലാം ഗർഭിണിയെ വലിയൊരളവിൽ സ്വാധീനിക്കുന്നു. ഗർഭസ്ഥ ശിശുവിന്റെ വളർച്ചയിലും മാനുഷിക മൂല്യങ്ങൾ നേടുന്നതിലും പിതാവിന് അപ്രത്യക്ഷമായ പങ്കാണുള്ളത്. ശിശുവിന്റെ ആരോഗ്യപൂർണ്ണമായ വളർച്ചയ്ക്കും ഇതെല്ലാം അവിഭാജ്യഘടകങ്ങളാണ്.

മനുഷ്യ ദമ്പതിമാരെ സംബന്ധിച്ചിടത്തോളം രക്ഷകർത്തൃത്വം ഒരു മുഴുവൻ സമയചുമതലയായിരിക്കണം. പല്ലിനുകേടുണ്ടാകുമ്പോൾ നല്ലയൊരു ദന്തവൈദ്യനെ തേടിപ്പോകുന്നതിനു പകരം ഇറച്ചിക്കടയിലേക്കു പോകുന്നതുപോലെയാണ് കുട്ടികളെ 'ആയ'മാരെ ഏല്പിക്കുന്നത്. കുട്ടികൾക്കാവശ്യം വ്യക്തിപരമായ സ്നേഹവും ശ്രദ്ധയുമാണ്. ഏറ്റവും നല്ല അനുഭവസമ്പന്നയായ 'ആയ'ക്കുപോലും ഇവ രണ്ടും കുട്ടികൾക്ക് നൽകാനാവില്ല. ചുരുക്കത്തിൽ 'പാർട്ട്ടൈം രക്ഷകർത്താവ്' എന്നൊന്നില്ലെന്നുതന്നെ പറയാം. ചില പ്രത്യേക സാഹചര്യങ്ങളിൽ ആയയെപ്പോലുള്ള മറ്റുള്ളവരുടെ സഹായം കുഞ്ഞുങ്ങൾക്ക് ആവശ്യമാണെങ്കിലും മാതാപിതാക്കൾക്ക് പകരമായി കുഞ്ഞുങ്ങളുടെ ചുമതല മറ്റുള്ളവരെ ഏല്പിക്കുവാൻ പാടില്ല.

പ്രശ്നസങ്കീർണ്ണമായ നമ്മുടെ ഈ ലോകത്തിൽ ഒരു കുട്ടി ജനിക്കുന്നതോടെ അതിന്റെ മാതാപിതാക്കളുടെ ചുമതലാബോധത്തിന് പുതിയ വിതാനങ്ങളുണ്ടാകുന്നു. നവജാതശിശുവുമായി സംവാദിക്കുന്നതിന് അവർ പുതിയ മാർഗങ്ങൾ കണ്ടെത്തണം. ഗർഭത്തിൽ കുടികൊള്ളുന്ന പ്രാരംഭദശയിൽ ഒരുകുട്ടിക്ക് മാതാപിതാക്കൾ പകർന്നു കൊടുക്കുന്നതെന്തുമായിരിക്കും ജനനശേഷമുള്ള അവന്റെ വളർച്ചക്കും ആശയവിനിമയത്തിനും അടിസ്ഥാനമായിത്തീരുന്നത്. വെള്ളത്തിനും റൊട്ടിക്കും വേണ്ടി മാത്രമല്ല, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പാലിനുവേണ്ടിയാണ് മനുഷ്യൻ കൂടുതൽ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നതെന്ന് മദർ തെരേസ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരമ്മയുടെ വികാരത്തോടെ മദർ വിശന്നുമെലിഞ്ഞ ഒരു കുട്ടിയെ തന്റെ മാറിലേക്ക് അടക്കിപ്പിടിക്കുമ്പോഴും ഒരു പടുവൃദ്ധനെ/വൃദ്ധയെ തന്റെ കൈകളിലൊതുക്കുമ്പോഴും അവർ സ്നേഹത്തിന്റെ ഊഷ്മളതയും സുരക്ഷിതത്വവും അനുഭവിക്കുന്നത് നാം കാണാറുണ്ട്.

ഒരു കുടുംബത്തിലെ ആശയവിനിമയത്തിന്റെ എഞ്ചിനീയർമാർ മാതാപിതാക്കളാണ്. ആശയവിനിമയത്തിന്റെ പാലം നിലനില്ക്കുന്നതോ നിലംപതിക്കുന്നതോ എന്ന കാര്യം അവർ അതിനു നൽകുന്ന പ്രാധാന്യം അനുസരിച്ചിരിക്കും. ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്താൽ കുടുംബത്തിൽ 'തലമുറകളുടെ വിടവ്' എന്നോ 'ആശയവിനിമയത്തിലെ വിടവ്' എന്നോ ഉള്ള അവസ്ഥ ഒരിക്കലും അനുഭവപ്പെടുകയില്ല.

ജനിക്കുന്ന നിമിഷം മുതൽ ഓരോ നവജാതശിശുവിനും മറ്റു മനുഷ്യരുമായി അതിന്റേതായ രീതിയിൽ ആശയവിനിമയം നടത്താൻ കഴിയുന്നു. മാതാപിതാക്കൾ കരുതുന്നതുപോലെ തൊടുന്നതും താലോലോക്കുന്നതും മാത്രം പോരാ ഈ ആശയവിനിമയത്തിന്. ദൈനംദിന ജീവിതത്തിൽ മാതാപിതാക്കൾ ജീവിച്ചുകാണിച്ചുകൊടുക്കുന്ന ഉദാഹരണങ്ങൾ കുട്ടികളെ സ്വാധീനിക്കുന്നു. സ്വഭാവങ്ങൾ, പ്രതികരണങ്ങൾ, ചിരി, അമർഷം, പ്രശംസ, കുറ്റപ്പെടുത്തൽ, ക്ഷമ എന്നിവയിലൂടെ ഭാവിജീവിതത്തെ കരുപിടിപ്പിക്കുന്നതിന് മാതാപിതാക്കൾ ശേഖരിച്ചു

വെച്ച എല്ലാ മൂല്യങ്ങളും കുട്ടികൾക്ക് പകർന്നു കൊടുക്കുവാൻ കഴിയനം. രക്ഷകർത്താവിന്റെ മാതൃക കുട്ടിയിൽ ചെലുത്തുന്ന സ്വാധീനം താഴെ കൊടുക്കുന്ന ഈരടികളിൽ നിന്നും വ്യക്തമാകും.

ഗുണദോഷ വിവേചനത്തോടെ ജീവിച്ചാൽ
പരിത്യജിക്കാൻ അവൻ അഭ്യസിക്കും.
ശത്രുതയോടൊപ്പം ജീവിച്ചാൽ
പടവെട്ടാൻ അവൻ അഭ്യസിക്കും.
അവഹേളനത്തോടൊപ്പം വളർന്നാൽ
ലജ്ജിച്ചൊതുങ്ങാൻ അവൻ അഭ്യസിക്കും.
നാണക്കേടിനോടൊപ്പം വളർന്നാൽ
കുറ്റബോധം അവനിൽ നിറയും.
സഹനശക്തിയോടൊപ്പം വളർന്നാൽ
സഹിഷ്ണതയെന്തെന്ന് അവൻ പഠിക്കും.
പ്രോത്സാഹനം കിട്ടി വളർന്നാൽ
ആത്മവിശ്വാസമെന്തെന്ന് അവൻ പഠിക്കും.
പ്രശംസ കിട്ടി കുട്ടി വളർന്നാൽ
ആസ്വാദനമെന്തെന്ന് അഭ്യസിക്കും.
നീതിന്യായത്തോടൊപ്പം വളർന്നാൽ
നീതിബോധമെന്തെന്ന് അഭ്യസിക്കും.
സുരക്ഷിതത്വത്തോടെ അവൻ വളർന്നാൽ
വിശ്വാസത്തോടെ ജീവിക്കാൻ പഠിക്കും.
അംഗീകാരത്തോടെ ജീവിച്ചാൽ
സ്വയം ഇഷ്ടപ്പെടാൻ അവൻ പഠിക്കും.
അംഗീകാരത്തോടും സൗഹൃദത്തോടുംകൂടി ജീവിച്ചാൽ
അവൻ സ്വന്തം ലോകത്തിൽ സ്നേഹം കണ്ടെത്താൻ പഠിക്കും.

സാധാരണയായി, നേരിട്ട് പഠിപ്പിച്ചും നിർദ്ദേശങ്ങൾ നൽകിയുമാണ് നാം കുട്ടികളുമായി ആശയവിനിമയം നടത്തുന്നത്. വാമൊഴിയായി ഇങ്ങനെ ആശയവിനിമയം നടത്തുമ്പോൾ മാതാപിതാക്കൾ നിശ്ചയമായും ഓർക്കേണ്ട ചില കാര്യങ്ങളുണ്ട്.

ഒന്നാമതായി, സ്വന്തം പ്രായത്തിന്റെ നിലവാരത്തിലാവരുത്. പിന്നെയോ, കുട്ടികളുടെ പ്രായത്തിന്റെ നിലവാരത്തിൽ നിന്നാവണം ആശയവിനിമയം നടത്തേണ്ടത്. കുട്ടികൾക്ക് ഉൾക്കൊള്ളാവുന്ന നിലവാരവുമായി പൊരുത്തപ്പെട്ടുവേണം ആശയവിനിമയം എന്നാണ് ഇതിന് അർത്ഥം. ശാസ്ത്രിയമായി വളരെയേറെ പുരോഗതി നേടിയ ഈ കാലത്ത് ചിന്താരീതികളുടെ കാര്യത്തിൽ കുട്ടികൾ മാതാപിതാക്കളേക്കാൾ പുരോഗമിച്ചതുകൊണ്ട് ഇതു സാധ്യമാണ്. കുട്ടികൾ എന്താണ് വായിക്കുന്നത്, ടെലിവിഷനിൽ എന്താണ് കാണുന്നത് എന്ന കാര്യം മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. സ്വന്തം ചിന്താശക്തിക്ക് അനുരൂപമായി കുട്ടികൾ വളരണമെന്ന് ശാഠ്യംപിടിക്കുന്ന മാതാപിതാക്കൾ സാധാരണയാണ്. കുടുംബത്തിൽ ആശയവിനിമയം കുറയുന്നതിന് ഇതും കാരണമാകുന്നു.

രണ്ടാമതായി, കുട്ടികൾ ഒരു ചോദ്യവുമായി നമ്മെ സമീപിച്ചെന്നിരിക്കട്ടെ. ചോദ്യം നമ്മുടെ നിലവാരത്തിൽ മൂഢമോ ബുദ്ധിപൂർവ്വമോ ആയിരിക്കാം. എന്തായാലും ചോദ്യത്തിന് ചേർന്നവിധം ലളിതമായ ഒരു ഉത്തരം നാം അവർക്കു നൽകിയേതീരൂ. തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ആശ്രയിക്കാവുന്ന വ്യക്തികളാണ് മാതാപിതാക്കൾ എന്ന വിശ്വാസത്തോടെയാണ് കുട്ടികൾ ചോദ്യങ്ങൾക്ക് ഉത്തരം തേടി അവരെ സമീപിക്കുന്നത്. മാതാപിതാക്കളിൽ നിന്നും ഉത്തരം കിട്ടിയില്ലെങ്കിൽ കുട്ടികൾ അതിനുവേണ്ടി മറ്റുള്ളവരെയോ പുസ്തകങ്ങളെയോ ആശ്രയിച്ചെന്നിരിക്കും. കുട്ടികൾ പ്രാകൃത്യാ എന്തിനെക്കുറിച്ചും ജിജ്ഞാസുക്കളാണ്. അതുകൊണ്ട് അവർ ചോദ്യങ്ങൾ ചോദിക്കുക സ്വാഭാവികവുമാണ്. ഈ ചോദ്യങ്ങളിൽ ചിലത് പ്രായപൂർത്തിയായവരെ സംബന്ധിച്ചിടത്തോളം നിസാരമായിരിക്കും. എന്നാൽ പിഞ്ചുമനസിനോ സങ്കീർണ്ണവും. അതുകൊണ്ട് കുട്ടികളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയുമ്പോൾ മാതാപിതാക്കൾ വളരെ ക്ഷമാശീലമുള്ളവരായിരിക്കണം.

മൂന്നാമതായി, കുട്ടികൾ സമീപിക്കുമ്പോൾ നാം അവർക്ക് പൂർണ്ണശ്രദ്ധ നൽകണം. എത്രതന്നെ ജോലിത്തിരക്കുണ്ടായിരുന്നാലും കുട്ടികൾ എന്തു കാര്യവുമായി സമീപിച്ചാലും അവരെ യഥാർത്ഥ താല്പര്യത്തോടും പരിഗണനയോടുംകൂടി കൈകാര്യം ചെയ്യണം. അവർക്ക് പറയാനുള്ള കാര്യത്തിൽ നമ്മുക്ക് യഥാർത്ഥ താല്പര്യമുണ്ടോ എന്നറിയാൻ കുട്ടികൾക്ക് നൈസർഗികമായ കഴിവുണ്ട്. കാപട്യവും വേഷം കെട്ടലും അവർ വേഗം മണത്തറിയുന്നു. രക്ഷകർത്താക്കൾക്ക് അവർക്കുവേണ്ടി 'ഒട്ടും സമയമില്ല' എന്നു പരാതിപ്പെടുന്ന നിരവധി കുട്ടികളുണ്ട്. ആ കുട്ടികൾ അതുകൊണ്ട് അവരെ ശ്രദ്ധിക്കുകയും അവരോടു സംസാരിക്കുകയും ചെയ്യുന്ന മറ്റാരെയെങ്കിലും തേടിപ്പോകുന്നു. സ്വന്തം കാഴ്ചപ്പാടിൽ സമാനവീക്ഷണമുള്ള മറ്റു കുട്ടികളെ തേടിപ്പോയാലും അത്ഭുതപ്പെടേണ്ടതില്ല. അവരിൽ നിന്നും ഉൾക്കൊള്ളുന്ന ശീലങ്ങളും സ്വഭാവങ്ങളും മാതാപിതാക്കളുടെ ഉറക്കം കെടുത്തിയേക്കാം.

നേരത്തെ പറഞ്ഞതുപോലെ മാതാപിതാക്കൾ കുട്ടികളോട് അവർക്ക് താല്പര്യമുള്ള വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയും ചർച്ച ചെയ്യുകയും വേണം. സഹിഷ്ണത സ്വയം വളർത്തിയെടുക്കാൻ അവരിൽ താല്പര്യമുണ്ടാക്കണം. കുട്ടികളിൽ യഥാർത്ഥ താല്പര്യമുണ്ടെന്ന് തെളിയിക്കുന്നതിന് രക്ഷകർത്താക്കൾ ധീരതയും സഹനശക്തിയും പുലർത്തണം. തുടർന്നുണ്ടാകാവുന്ന നിരവധി തലവേദനകളും ഹൃദയനൊമ്പരങ്ങളും ഒഴിവാക്കാൻ

ന്കഴിയും എന്നതാണ് ക്ഷമാശീലത്തിന്റെ സവിശേഷത. നമ്മുടെ കുട്ടികൾ അതിലോലരായ മനുഷ്യ ജീവികളാണ്. അതുകൊണ്ടു അവരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണം. രവീന്ദ്രനാഥടാഗോർ ഇപ്രകാരം പറഞ്ഞു: 'എന്നോടു ക്ഷമയുള്ളവരായിരിക്കുക, ദൈവത്തിന്റെ എന്നോടുള്ള ഇടപാടുകൾ ഇതുവരെയും അവസാനിച്ചിട്ടില്ല. നമുക്ക് കുഞ്ഞുങ്ങൾ കൂടുന്തോറും നമ്മുടെ വളർച്ച എല്ലാവിധത്തിലും കൂടുന്നുവെന്നു പറയുവാൻ സാധിക്കുകയില്ല. മക്കൾ ദൈവം നമുക്ക് തരുന്ന അവകാശമാണെന്ന് അറിഞ്ഞ് നാം മക്കളോട് ഇടപെടണം.

"മക്കൾ, യഹോവ നൽകുന്ന അവകാശവും ഉദരഫലം, അവൻ തരുന്ന പ്രതിഫലവും തന്നെ" (സങ്കീ. 127:3).

അവസാനമായി, കുട്ടികളൊട് ആശയവിനിമയം നടത്തുമ്പോൾ നാം നിശ്ചയമായും ഓർക്കേണ്ട ഒരു വസ്തുതകൂടിയുണ്ട്. അവരോട് തുറന്നും വ്യക്തമായും ഓർക്കേണ്ട ഒരു വസ്തുതകൂടിയുണ്ട്. അവരോടു തുറന്നും വ്യക്തമായും സംസാരിക്കുക. പല മാതാപിതാക്കളും കുട്ടികൾ കുട്ടികളാണെന്ന വസ്തുത മറന്നുപോകുന്നു. മുതിർന്നവർ സാധാരണ ഉപയോഗിക്കുന്ന ഭാഷക്കുപകരം കുട്ടികൾ പരിചയിച്ചുവന്ന വാക്കുകളും ആംഗ്യങ്ങളും അവരുമായി സംസാരിക്കുമ്പോൾ ഉപയോഗിക്കണം. ചെറിയ കുട്ടികളോട് അവർക്ക് മനസിലാകുന്ന രീതിയിൽ സംസാരിക്കണമെന്ന് അർത്ഥം.

തലമുറകളുടെ അന്തരവും ആശയവിനിമയത്തിലെ വിടവും

കുഞ്ഞുങ്ങളും, ചെറുപ്പക്കാരും, മാതാപിതാക്കളും പ്രായമായവരും തമ്മിലുള്ള ആശയവിനിമയത്തിലെ ധാരണക്കുറവുമായി ബന്ധപ്പെട്ട് മന:ശഅസ്ത്രജ്ഞന്മാരും സാമൂഹികശാസ്ത്രജ്ഞന്മാരും ഉപയോഗിക്കുന്ന രണ്ടു പ്രയോഗങ്ങളാണിവ. ഇത്തരമൊരന്തരം ഉണ്ടായേക്കാമെങ്കിലും മാതാപിതാക്കന്മാരും, പ്രായമായ മക്കളും തമ്മിലുള്ള ആശയവിനിമയത്തെ തുടർച്ചയായി തടസപ്പെടുത്തുന്ന രീതിയിൽ അതു നിലനിക്കണമെന്നില്ല.

ഈ അന്തരം ഒഴിവാക്കണമെങ്കിൽ മാതാപിതാക്കൾ കുട്ടികളുടെ വ്യക്തിത്വവും കണ്ടറിഞ്ഞ് അവർ എന്താണോ ആ നിലയിൽ അവരെ അംഗീകരിക്കുകയും, എന്താകണം, എന്നാണോ ദൈവം നിശ്ചയിച്ചിരിക്കുന്നത് അതാകാൻ കുട്ടികളെ സഹായിക്കുകയും വേണം. കുട്ടികളൊട് നമുക്കുള്ള സ്നേഹം നിരുപാധികം ആയിരിക്കണം. കുട്ടികളുടെ തെറ്റുകൾക്കും കുറ്റങ്ങൾക്കും കുറവുകൾക്കും അർഹിക്കുന്നതിലേറെ പ്രാധാന്യം നൽകാതെ നമ്മുടെ സ്നേഹത്തിനും ശ്രദ്ധക്കും അവർ അർഹരാണ് എന്നവരെ മനസിലാക്കണം. അവർ എന്നാണോ ആ നിലയിൽ അവരെ അംഗീകരിക്കുന്നതുകൊണ്ട് ഇതു സാധ്യമാകുന്നു. സ്വന്തം പ്രതിച്ഛായ അബോധപൂർവം കുട്ടികളിൽ കണ്ടെത്താൻ ശ്രമിക്കുന്നതുകൊണ്ടാണ് ചില രക്ഷകർത്താക്കൾക്ക് ക്ഷോഭിക്കേണ്ടിവരുന്നത്. പല സാഹചര്യങ്ങളിലും മാതാപിതാക്കൾ എന്താണോ, ഏതാണോ അതുതന്നെയാകും കുട്ടികളും. "പിതാക്കന്മാരെ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റിവളർത്തുവിൻ" (എഫെ. 6:4).

വാക്കുകളിലും പ്രവർത്തികളിലും പ്രകടിതമാകുന്ന സ്നേഹത്തിനു പുറമെ രക്ഷകകത്താക്കളെന്ന നിലയിൽ കുട്ടികളെ സ്നേഹിക്കാനുള്ള മനസ് നമുക്കുണ്ടായിരിക്കണം. ഈ മനസും സന്നദ്ധതയുമുണ്ടെങ്കിൽ പല പ്രായപരിധിയിൽപ്പെട്ട കുട്ടികളുമായി ആശയവിനിമയം നടത്തുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. നമ്മുടെ മുതിർന്ന കുട്ടികളുടെ കാര്യത്തിൽ എന്തുചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നുവോ, അതു കണ്ടെത്താനും ദൈവത്തോടൊപ്പം നടക്കാനുമുള്ള നിശ്ചയദാർഢ്യമാർന്ന ശ്രമമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. രോഷാകുലരാകാൻ കുട്ടികളെ ഒരിക്കലും നിർബന്ധിതരാക്കരുത്. ദൈവത്തിന്റെ നിയോഗവും അച്ചടക്കവുമനുസരിച്ച് അവരെ വളർത്തുകയാണ് വേണ്ടത്.

മുതിർന്ന കുട്ടികൾ ചെയ്യുന്ന ദുഷ്പ്രവർത്തികളുടെ അടിസ്ഥാനത്തിൽ ദൂരവീക്ഷണമില്ലാതെയോ പ്രതികാരബുദ്ധിയോടെയോ അവരെ കൈകാര്യം ചെയ്യരുത്. ഒരിക്കലും മാറുകയോ വളരുകയോ ചെയ്യാത്ത വ്യക്തികളായി തങ്ങളെ കണക്കാക്കുന്നതാണ് ഈ ചെറുപ്പക്കാർ ഏറ്റവും വെറുക്കുന്നതെന്നത് മറക്കരുത്. തന്റെ സർവ്വശക്തമായ കാരുണ്യം കൊണ്ട് ഏതുജീവിതത്തിലും മാറ്റം വരുത്താൻ ദൈവത്തിന് കഴിയുമെന്ന ബോധ്യം നമുക്കുണ്ടെങ്കിൽ നാം ആ ദൃഢവിശ്വാസം അനുസരിച്ച് ജീവിക്കണം. അവിശ്വാസികളുടെ ജീവിതത്തിലെന്നപോലെ വിശ്വാസികളുടെ ജീവിതത്തിലും മാറ്റം വരുത്താൻ ദൈവത്തിനു കഴിയും. 'നീ എപ്പോഴും ഇങ്ങനെ തന്നെയാണ്', 'നീ അങ്ങനെ ചെയ്തതിൽ എനിക്ക് ഒട്ടും അതിശയമില്ല' എന്നും മറ്റുമുള്ള അഭിപ്രായ പ്രകടനങ്ങൾ മുതിർന്ന കുട്ടികളെ പ്രതികൂലമായി ബാധിക്കും. അവരിൽ ഒരു നല്ല മാറ്റം വരുത്തുന്നതിന് ഉദാരവും പക്വവുമായ സമീപനം നാം സ്വീകരിക്കണം. നാം ഏതെങ്കിലും വ്യക്തിയുടെ ഭൂതകാലത്തെക്കുറിച്ച് അന്വേഷിക്കുന്നുവെങ്കിൽ അത് അയാളെ സഹായിക്കുന്നതിനുവേണ്ടി ആകണം. ഒരാളുടെ വർത്തമാനകാല സ്വഭാവത്തെ ഭൂതകാലം എങ്ങനെ സ്വാധീനിച്ചുവെന്ന് അറിയാൻ ഇത് സഹായകരമാകും.

മാതാപിതാക്കൾ മുതിർന്ന കുട്ടികൾക്ക് ശരിയായ ധാരണ നൽകണം. ഈ ധാരണ പരിധിയില്ലാതാവുകയും വേണം. ഇങ്ങനെ ചെയ്യുന്നതു

കൊണ്ട് അവരുടെ തെറ്റുകൾക്ക് മാപ്പു നൽകുകയോ മറ്റൊരു വ്യാഖ്യാനം നൽകുകയോ വേണമെന്നില്ല. അവരെ വെള്ളപൂശാതെ അവരുടെ തെറ്റുകൾ മന്സിലാക്കാൻ ഈ ധാരണ സഹായകമാകുന്നു. ഈ ധാരണ കൃത്രിമമല്ലാതെ യഥാർത്ഥമാണെങ്കിൽ, ദൈവത്തിനു മാത്രമല്ല മാതാപിതാക്കൾക്കും ക്ഷമിക്കാനുള്ള സന്നദ്ധതയുണ്ടെന്ന് യുവാക്കൾക്ക് മനസിലാകും. ഈ ബോധം അവർക്ക് തുറന്ന മനസോടെ പെരുമാറുന്നതിന് പ്രേരകമാകും. ഇത് അവരുടെ ചീത്ത സ്വഭാവങ്ങൾ ഉപേക്ഷിക്കാൻ ഇടയാകുമെന്നതിനു പുറമെ ജീവിതത്തിൽ ബുദ്ധിപരവും വൈകാരികവും സാമൂഹികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായിക്കുകയും ചെയ്യും.

ഈ യുവതീ-യുവാക്കളുമായി വിജയകരമായി ഇടപഴകുന്നതിന് നാം കൂടുതൽ സമയവും, വ്യതിചലിക്കാത്ത ശ്രദ്ധയും അവർക്കു നൽകണം. മുതിർന്ന കുട്ടികൾക്കും അവരുടെയെല്ലാം ക്ഷേമത്തിനും നാം ഏറ്റവും പ്രാധാന്യം നൽകണം. മറ്റെല്ലാ വ്യക്തികൾക്കും വസ്തുക്കൾക്കും പ്രശ്നങ്ങൾക്കും അവരുമായി താരതമ്യപ്പെടുത്തുമ്പോൾ രണ്ടാം സ്ഥാനമേ നൽകാവൂ.

നമ്മുടെ തത്വങ്ങളും നിയമങ്ങളും അവർക്ക് കൂടുതൽ പ്രായോഗികവും സ്വീകാര്യവുമായി അനുഭവപ്പെടണം. അവർക്ക് ഏറ്റെടുക്കാനോ ചെയ്യാനോ കഴിയാത്തതൊന്നും നാം പറയുകയോ പ്രവർത്തിക്കുകയോ ചെയ്യരുത്. മാതാപിതാക്കളായ നാം പറയുന്നത് സ്വയം അനുസരിച്ച് ജീവിക്കുന്നത് കുട്ടികൾക്ക് കാണിച്ചുകൊടുക്കണം. ആത്മാർത്ഥതയും നീതിയും പ്രവർത്തികളിൽ പ്രകടമാകണം. നൽകുന്ന വാഗ്ദാനങ്ങളെല്ലാം സാധിച്ചുകൊടുക്കാൻ കഴിഞ്ഞാൽ മുതിർന്ന കുട്ടികളിൽ യാഥാർത്ഥ്യബോധം വളർത്താൻ കഴിയും. സ്വന്തം വാക്കുകളോടും വാഗ്ദാനങ്ങളോടും സത്യസന്ധതയോടും വ്യക്തിബോധത്തോടും പരിശുദ്ധിയോടും സ്നേഹശീലത്തോടും നാം ആത്മാർത്ഥത പുലർത്തുന്നുണ്ടോ എന്ന ചോദ്യം വളരെ പ്രസക്തമാണ്.

നാം ചെയ്തത് തെറ്റാണെന്ന് ബോധ്യം വന്നാൽ ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കാൻ നാം തയ്യാറാകണം. മാതാപിതാക്കൾ തെറ്റുകൾക്ക് അതീതരല്ല. അച്ഛനായാലും അമ്മയായാലും തെറ്റുപറ്റാത്ത രക്ഷകർത്താവ് ഇല്ലെന്ന വസ്തുത നാം മനസിലാക്കണം.

വിജയകരമായ രക്ഷാകർത്തൃത്വത്തിന് ആവശ്യമായ മാർഗരേഖകൾക്കും വസ്തുതകൾക്കും പുറമെ മാതാപിതാക്കളുടെ ചുമതലകൾ തൃപ്തികരമായി നിർവ്വഹിക്കുന്നതിനുവേണ്ട കഴിവുതന്ന് ദൈവം നമ്മെ അനുഗ്രഹിച്ചിട്ടുണ്ട്. ഒരു ദിവസത്തിന്റെ ഇരുപത്തിനാല് മണിക്കൂറുകളിലും നമുക്ക് ഉപയോഗിക്കാവുന്ന കരുത്തേറിയ മറ്റൊരു ഊർജസ്രോതസ് കൂടിയുണ്ട്. ഓരോ ദിവസത്തേയും പ്രാർത്ഥന. രക്ഷകർത്തൃത്വത്തിന്റെ ചുമതലാബോധം പങ്കുവയ്ക്കുന്നതിന് നാം നമ്മുടെ ഓരോ കുട്ടിക്കുവേണ്ടിയും ദിവസവും രാർത്ഥിക്കണം. സ്വർഗീയമായ ഊർജത്തിന്റെ മഹാസാഗരത്തെ പ്രാർത്ഥനയിൽകൂടി നമുക്ക് സമീപിക്കാൻ കഴിയും. ദൈവസാമ്രാജ്യത്തിന് അനുയോജ്യരായ സ്ത്രീപുരുഷന്മാരായി നമ്മുടെ കുട്ടികൾ വളരുവാൻ നാം ആത്മാർത്ഥതയോടെ ദൈവത്തിൽ ആശ്രയിച്ച് ശ്രമിക്കേണ്ടിയിരിക്കുന്നു.

പ്രതിസന്ധികളെ എങ്ങനെ നേരിടാം

ഡോ. തോമസ് വി. തോമസ്.

വൈരുദ്ധ്യമാർന്ന അനുഭവങ്ങളുടെ സമ്മിശ്ര വേദിയാണ് ജീവിതം. പട്ടുമെത്തയും ശരശയ്യയും അതിന്റെ ഭാഗങ്ങളാണ്. പ്രശ്നങ്ങളുടെ വറചട്ടിയിൽ നാം പുളയുന്നു. എന്നാൽ അതിനെ അതിജീവിക്കുവാൻ ദൈവകൃപ നമുക്ക് സമൃദ്ധിയായി ലഭ്യമാണ്. പശ്ചാത്തലങ്ങളുടെ വൈരുദ്ധ്യം പരിഗണിച്ച് വ്യത്യസ്ത നിലകളിലാണ് പ്രതിസന്ധികളെ നാം നേരിടുന്നത്. അനുദിന ജീവിതത്തിന്റെ അവിഭാജ്യഘടകമാണ് ആപത്സന്ധികൾ. പ്രതീക്ഷകളെ തകിടംമറിച്ചുകൊണ്ട് ജീവിത പന്ഥാവിൽ അത് നമ്മെ സന്ധിക്കുന്നു.

നാം ദീർഘകാലം കാത്തിരുന്ന വ്യക്തിയെ സന്ധിക്കുവാൻ സാധിക്കാതിരിക്കുക, മക്കളുടെ ഉന്നതവിജയപ്രതീക്ഷകൾ നിരാശയിൽ കലാശിക്കുക, മക്കളിൽ ഒരാൾ മാരകമായ രോഗത്തിന് വിധേയമാകുക, കുട്ടികൾ മാതാപിതാക്കളെ അവഗണിക്കുക, മാതാപിതാക്കൾ മക്കളിൽ അസംതൃപ്തരാകുക, ഭർത്താവിന്റെ ഭാര്യാ സങ്കല്പങ്ങളെ തകിടം മറിക്കുന്ന സ്വഭാവരീതി ഭാര്യയിൽ പ്രകടമാക്കുക, ഭർത്താവ് അസാന്മാർഗിക ജീവിതം നയിക്കുക, കുട്ടികൾ അംഗവൈകല്യമുള്ളവരായി ജനിക്കുക, ഭാര്യ അവിശ്വസ്തയായി തീരുക, ഭർത്താവ് ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക, കുടുംബാംഗങ്ങൾ നിസഹകരണ മനോഭാവം പുലർത്തുക ഇവയൊക്കെയാണ് പലരുടേയും ജീവിതത്തിൽ പ്രതിസന്ധികൾക്ക് കളമൊരുക്കുന്ന വേദികൾ. ഒരു സുപ്രഭാതത്തിൽ ഭാര്യയുടേയോ ഭർത്താവിന്റെയോ മാരകരോഗത്തിന്റെ വിവരങ്ങൾ നിങ്ങൾ അറിയുന്നു. നിങ്ങളുടെ പുന്നാര മകനോ മകളോ നിങ്ങളുടെ അറിവും സമ്മതവും കൂടാതെ വിവാഹം കഴിക്കുന്നു. നിങ്ങളുടെ ഭാര്യക്ക് അഥവാ ഭർത്താവിന് ദാരുണമായ അപകടം സംഭവിക്കുന്നു. നിങ്ങൾക്ക് വളരെ അടുപ്പവും ബന്ധവുമുള്ള ഒരു വ്യക്തിയെ ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് പോലീസ് അറസ്റ്റു ചെയ്യുന്നു. അവിചാരിത സന്ദർഭങ്ങളിൽ നമ്മെ പ്രതിസന്ധിയിലേക്ക് വലിച്ചിഴയ്ക്കുന്ന ചില സാഹചര്യങ്ങളാണ് ഇവ. ജീവിതത്തിൽ കൊടുങ്കാറ്റ് ഉയരുവാൻ കൃത്യമായ സ്രോതസ് ഉണ്ടാവണമെന്നില്ല.

ജീവിതം അക്ഷുബ്ധമായി മുന്നേറുന്ന വേളയിൽ അപ്രതീക്ഷിതമായി ആഞ്ഞടിക്കുന്ന കൊടുങ്കാറ്റ് മൂലം സംഭവിക്കുന്ന കെടുതികളോട് നാം എങ്ങനെ പ്രതികരിക്കും? ആത്മാർത്ഥ സ്നേഹിതൻ ബദ്ധവിരോധിയായി പരിണമിക്കുമ്പോൾ അചഞ്ചല അടിസ്ഥാനം എന്ന് അന്തരാത്മാവിൽ കരുതിയ സ്ഥാനങ്ങൾ ചാഞ്ചാടുമ്പോൾ ജീവിതം പ്രതീക്ഷയറ്റതും തകർന്നതുമായിത്തീരുന്നു. സഹായസ്ഥാനങ്ങൾ എല്ലാം അടഞ്ഞ് അന്ധകാരം പ്രകാശത്തെ ആവരണം ചെയ്യുന്നു. നിദ്രാവിഹീനമായ രാവുകൾ ഏറുന്നു. അവയുടെ ദൈർഘ്യം വർദ്ധിക്കുന്നു. ചുറ്റും അന്ധകാരവും അനിശ്ചിതത്വവും മാത്രം. അൽപമൊരു വിശ്രമംപോലും അപ്രാപ്യമായ അനുഭൂതിയായി മാറുന്നു. പ്രത്യാശ നിരാശക്ക് വഴിമാറിക്കൊടുക്കുന്നു. വേദനകളിലും കഷ്ടങ്ങളിലും ഏകനായി നിൽക്കുമ്പോൾ പ്രശ്നങ്ങൾ സങ്കീർണമാകുന്നു. വിടുതൽ വിദൂരസ്വപ്നമായി മാറുന്നു. തകർന്ന കുടുംബബന്ധങ്ങളും സ്നേഹബന്ധങ്ങളും ഹൃദയത്തിലെ വേദന വർദ്ധിപ്പിക്കുന്നു. ഭൂമുഖത്ത് വസിക്കുന്ന മനുഷ്യരിൽ ആരുംതന്നെ പ്രതിസന്ധികളിൽനിന്ന് വിമുക്തമല്ല. പ്രതിസന്ധികളിൽ, എല്ലായിടത്തും പ്രതിസന്ധികൾ തന്നെ.

പ്രതിസന്ധി ഘട്ടങ്ങളിൽനിന്നും വിടുതൽ നേടുവാൻ നാം പരിശ്രമിക്കുന്നതിനുമുമ്പ് അവയെക്കുറിച്ച് പൊതുവായ അറിവ് നമുക്ക് ആവശ്യം തന്നെ. (H. Noarman)ന്റെ പ്രതിസന്ധികൾ എങ്ങനെ ക്രിയാത്മകമാക്കാം (How to have a creative crisis) എന്ന പുസ്തകത്തിൽ ഇത് വിശദീകരിക്കുന്നു. നമ്മെ തകർക്കുവാനുള്ള ദൈവിക ശ്രമമല്ല; പ്രത്യുത നമ്മുടെ ഉന്നമനത്തിലേക്കുള്ള കവാടമാണത്. നിർണ്ണായക സമയം. ഏതെങ്കിലും ഒരു കാര്യത്തിന്റെ പുരോഗമനത്തിലെ വഴിത്തിരിവ് എന്നിങ്ങനെ Webster അതിനെ വിശേഷിപ്പിക്കുന്നു. ഒരു വ്യക്തിയുടെ ബാഹ്യമായ പ്രശ്നങ്ങളോടുള്ള ആന്തരിക പ്രതികരണമായി പ്രതിസന്ധിയെ ചിത്രീകരിക്കാറുണ്ട്. പ്രതിസന്ധി (Crisis) എന്ന പദം വിവിധ അർത്ഥങ്ങളാൽ സമ്പുഷ്ടമാണ്. ചീനഭാഷയിൽ വിജി (Weiji) എന്ന പദം രണ്ട് അടയാളങ്ങൾ മൂലമാണ് വ്യക്തമാക്കുന്നത്. ഒന്ന് നിരാശയേയും മറ്റേത് അവസരത്തേയും ചിത്രീകരിക്കുന്നു. ക്രിനേയിൻ (Krinein) എന്ന ഗ്രീക്ക് മൂലപദത്തിൽ നിന്നാണ് Crisis എന്ന ഇംഗ്ലീഷ് വാക്ക് രൂപംകൊണ്ടിട്ടുള്ളത്. ഗ്രീക്കിൽ അതിന്റെ അർത്ഥം തീരുമാനം എടുക്കുക എന്നതാണ്. വിലയിരുത്തലിന്റേയും തീരുമാനത്തിന്റേയും നന്മയിലേക്കോ തിന്മയിലേക്കോ വഴി തിരിയുന്നതിന്റെയും ഘട്ടമാണ് പ്രതിസന്ധിവേളകൾ. (H. Norman, How to have a creative crisis. P.14).

പ്രതിസന്ധിഘട്ടം നമ്മിൽ അസ്വസ്ഥതകളെ ക്ഷണിച്ച് വരുത്തുന്നു. പ്രത്യാശ നിരാശക്ക് വഴിമാറി കൊടുക്കുന്നു. വളരെയധികം മാനസിക പിരിമുറുക്കങ്ങളിലൂടെ നാം കടന്നുപോകുന്നു. കഴിവുകളെ നാം സ്വയം ചോദ്യം ചെയ്യുന്നു. പരാജയബോധം നമ്മെ ഭരിക്കുന്നു. സംശയം ആത്മധൈര്യത്തെ കീഴടക്കുന്നു.

വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ, കുടുംബ ജീവിതത്തിലെ താളപ്പിഴകൾ എന്നിവ ദീർഘനാളുകൾ കൈകാര്യം ചെയ്യുകയും ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട അനേക വിഷയങ്ങളെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തതിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമാണ് ഈ പുസ്തകം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. ജീവിതത്തിലെ പ്രതിസന്ധികളിലൂടെ കടന്നുപോയിട്ടുള്ള പ്രായഭേദമന്യേ അനേകരുടെ കണ്ണുനീർകണങ്ങൾ എന്റെ ഓഫീസിലും ഭവനത്തിലും വീണ് ചിതറിയിട്ടുണ്ട്. അവരിൽ പലരേയും പ്രശ്നങ്ങളുടെ ചുഴിയിൽ നിന്നും വിമുക്തിനേടുന്നതിൽ സഹായിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. പ്രതിവിധി നിർണയിക്കുവവ്നാവാത്ത പ്രശ്നങ്ങളിൽ അവരുടെ ദു:ഖങ്ങൾ ഞാൻ പങ്കുവെച്ചു. ചിലരുടെ പ്രശ്നങ്ങൾ ശാന്തമായി കേൾക്കുകയല്ലാതെ മറ്റൊന്നും ചെയ്യുവാൻ കഴിയുമായിരുന്നില്ല. മന:ശാസ്ത്രത്തിനും, കൗൺസലിങ്ങിനും, തത്വജ്ഞാനത്തിനും, വേദശാസ്ത്രത്തിനും ഒക്കെ ഒരു വ്യക്തിയുടെ വേദനയിൽ അല്പമായി മാത്രമേ സഹായിക്കുവാൻ സാധിക്കയുള്ളുവെന്ന് ഞാൻ മനസിലാക്കി. എന്നാൽ ഇവയൊക്കെ ഫലപ്രദമായ ഉപകരണങ്ങൾതന്നെ. ക്രിസ്തീയ കൂട്ടായ്മയുടെ ക്രിയാത്മക ഫലവും പരാജയവും ഞാൻ ദർശിച്ചിട്ടുണ്ട്. ഭൂമിയുടെ ഉറപ്പായിരിക്കേണ്ടതായ ക്രിസ്തീയ കൂട്ടങ്ങളിൽ പലതും നിസംഗതിയോടെ പെരുമാറുന്നത് അത്ഭുതകരംതന്നെ. മറ്റുള്ളവരുടെ, അന്യരുടെ ദു:ഖങ്ങളിൽ ആനന്ദം കണ്ടെത്തുന്നവരെയും ഞാൻ കണ്ടിട്ടുണ്ട്. സ്നേഹം, സന്തോഷം, കരുതൽ, സമാധാനം, സഹായം ആദിയായ സത്ഗുണങ്ങളും, വേദനിപ്പിക്കുക, ചോദ്യം ചെയ്യുക, പ്രശ്നങ്ങൾ ഉരുവാക്കുക, തെറ്റിദ്ധാരണകൾ ജനിപ്പിക്കുക, ആരോപണങ്ങൾ ഉന്നയിക്കുക, ദുർവ്യാഖ്യാനങ്ങൾ നടത്തുക എന്നിത്യാദി ദുഷ്പ്രവർത്തികളും ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ വെളിപ്പെടുന്നത് ഞാൻ കണ്ട് ദു:ഖിക്കുകയും അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ വ്യക്തിജീവിതത്തിൽ രോഗിയായ ഭാര്യയേയും മൂന്ന് പിഞ്ചുകുഞ്ഞുങ്ങളേയും ദീർഘനാളുകൾ ശുശ്രൂഷിച്ചതിൽ നിന്നും ലഭ്യമായ അനുഭവസമ്പത്തും ഈ പുസ്തകരചനക്ക് നിദാനമായി. ഒരു ഭർത്താവ്, പിതാവ്, വിഭാര്യൻ, സ്നേഹിതൻ എന്നീ നിലകളിൽ എന്റെ ജീവിതം അനുഭവങ്ങളാൽ നിറഞ്ഞതാണ്. നൂറുകണക്കിനാളുകൾ കത്തുകൾ മുഖേന തങ്ങളുടെ വ്യക്തി, കുടുംബജീവിതത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ആരായുന്നു. ചില പ്രസ്ഥാനങ്ങളുമായി സഹകരിക്കുവാൻ എനിക്ക് സാധിച്ചതും ജീവിതത്തിൽ അനുഭവസമ്പത്തിന്റെ അളവ് വർദ്ധിക്കുവാൻ കാരണമായി ഭവിച്ചു. ജീവിതത്തിലെ കൊടുങ്കാറ്റ് വളരെ നേരിട്ടിട്ടുള്ള വ്യക്തിയാണ് ഞാൻ. ഏകാന്തതയും സ്നേഹിതരുടെ നിന്ദയും വളരെ അനുഭവിക്കുവാൻ ആവശ്യം വന്നു. എന്നാൽ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന അനേകം നല്ല സ്നേഹിതർ എന്റെ വേദനകളെ പങ്കുവയ്ക്കുവാൻ എന്നോടൊപ്പം ഉണ്ടായിരുന്നു. ജീവിതം നന്മതിന്മകളുടെ സമ്മിശ്രഭാവംതന്നെ.

കൊടുങ്കാറ്റ് ശാന്തമാകുമ്പോൾ ശാന്തമായിരിക്കുക എന്ന് ആജ്ഞാപിക്കുന്ന മൃദുലസ്വരം പലപ്പോഴും കേൾക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നോടുള്ള ദൈവിക കാര്യപരിപാടി ഇനിയും അവസാനിച്ചിട്ടില്ല.

സങ്കീർത്തനക്കാരൻ പറയുന്നു: "കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടി ഇരിക്കുന്നുവല്ലോ, നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു."

അന്ധകാരത്തിൽ തപ്പിനടന്ന ജനത്തെ വിടുവിക്കുവാൻ ദൈവം തന്റെ ഏകജാതനെ ഈ ഭൂമിയിൽ അയച്ചു. നമ്മുടെ സകല യാതനകളുടെയും മൂലകാരണം ആദാമും ഹവ്വായും ചെയ്ത പാപമാണ്. അങ്ങനെ പാപം പരമ്പരാഗത സമ്പത്തായി നമുക്ക് ലഭിച്ചു. പാപസ്വഭാവത്തെ നാം അങ്ങനെ പ്രാപിച്ചു എന്ന് മാത്രമല്ല പാപത്തിൽ ജീവിക്കുന്നതിൽ നാം സന്തോഷവും കണ്ടെത്തുന്നു. മാനുഷിക യാതനകൾക്ക് ശാശ്വത പരിഹാരം വരുവാൻ നാം സഹിഷ്ണതയോടെ കാത്തിരിക്കണം. ഇന്നുകളിലെ കഷ്ടതകൾ ജീവിതത്തിലെ പ്രശാന്തമായ നിത്യതക്ക് വഴിമാറിക്കൊടുക്കും.

പ്രതിസന്ധിവേളയെ മുഖാമുഖം നേരിടുവാൻ ചിലർക്കെങ്കിലും ഈ പുസ്തകം സഹായകരമായി ഭവിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. യെശയ്യാവ് 40:8 - ൽ പറയുന്നു: "പുല്ലുണങ്ങുന്നു പൂവാടുന്നു. നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനിൽക്കും."

എനിക്കു വേണ്ടത്

ശക്തി വേണമെനിക്ക് വിശ്വസ്തനായിരിക്കുവാൻ, സമൃദ്ധിയായി വേണം വിജയിയായിത്തീരുവാൻ.

ബലം വേണമെനിക്ക് ശക്തനായിരിക്കുവാൻ ബലഹീനവേളയിൽ പതറാതിരിക്കുവാൻ.

കൃപ വേണമെനിക്ക് വിശുദ്ധി കാക്കുവാൻ. കൺമോഹങ്ങളെന്നെ കീഴ്പ്പെടുത്താതിരിക്കുവാൻ.

സ്നേഹം വേണമെനിക്ക് മാധുര്യവാനായിരിക്കുവാൻ. ശോധന വേളകളിൽ മന്ദസ്മിതം പൊഴിക്കുവാൻ.

കരം വേണമെനിക്ക് വാസം ചെയ്യുവാൻ, കഷ്ടത തൻ ഇരവിൽ നിർഭയനായിരിക്കുവാൻ കൈമലർത്തി ലോകം ആവില്ലെന്നോതുമ്പോൾ കണ്ടെത്തി ഞാനഖിലം കർത്തനാം യേശുവവി.

പ്രത്യാശ

പ്രത്യാശയുടെ സുവർണ്ണ കിരണത്തിന് മാത്രമേ ഉറഞ്ഞു കൂടിയ ദു:ഖത്തെ ഉരുക്കുവാൻ പ്രാപ്തിയുള്ളു.

പ്രത്യാശ കൈവെടിയാതെ കാക്കുക, കാരണം പ്രശോഭിത വിശാലതയാണ് തുരങ്കത്തിന് അപ്പുറം.

ജീവിതത്തിലെ സന്തോഷ സന്താപ ബലിവേദികളിൽ ഭയലേശമെന്യേ മുന്നേറുവാൻ പ്രത്യാശ കൈവരിക്കുക.

ശക്തിയായി വീശുന്ന കാറ്റിലെൻ പൊൻചരടുകൾ ഈ മരുഭൂപരപ്പിൽ മന്ദസ്മിതം പൊഴിക്കുന്നു.

തെറ്റിനെയും അനീതിയെയും പ്രശാന്തതയോടെ ആത്മ പരിശോധന ചെയ്തകറ്റുക.

പ്രതികൂലത്തിലും ഒരു വ്യക്തിക്ക് നിലനിൽക്കുവാൻ, അഭിവൃദ്ധി നേടുവാൻ സാധിക്കുമെന്നത് നിസംശയം.

കഷ്ടതകളുടെ കാരണം

മനോഹരമായ ഒരു ജീവിതം ഈ ലോകത്തിൽ ദൈവം നമുക്ക് പ്രദാനം ചെയ്തിരിക്കുന്നു. ആ യാഥാർത്ഥ്യത്തെ മനസ്സിലാക്കി അംഗീകരിക്കുവാൻ നമുക്ക് വൈഷമ്യം നേരിടുന്നു. ജീവിതത്തിലെ പ്രതിസന്ധികൾക്കും കഷ്ടതകൾക്കും കാരണമെന്ത് എന്ന ചോദ്യത്തിന് ശരിയായ മറുപടി ബൈബിൾ നൽകുന്നുണ്ട്. ദൈവം സൃഷ്ടിച്ച ആദ്യത്തെ മനുഷ്യനായ ആദാം കൽപനയെ അവഗണിക്കുകയും വിലക്കപ്പെട്ട ഫലം ഭുജിക്കുകയും ചെയ്തു. അങ്ങനെ പാപം എന്ന പ്രതിഭാസം മനുഷ്യനിൽ ഉരുവായി.

യഹോവയായ ദൈവം സ്ത്രീയോട്, നീ ഈ ചെയ്തത് എന്ത് എന്ന് ചോദിച്ചതിന് പാമ്പ് എന്നെ വഞ്ചിച്ചു. ഞാൻ തിന്നുപോയി എന്നു സ്ത്രീ പറഞ്ഞു. യഹോവയായ ദൈവം പാമ്പിനോട് കൽപിച്ചത്, നീ ഇതു ചെയ്കകൊണ്ട് എല്ലാ കന്നുകാലികളിലും എല്ലാ കാട്ടുമൃഗങ്ങളിലും വെച്ച് നീ ശപിക്കപ്പെട്ടിരിക്കുന്നു, നീ ഉരസ്സുകൊണ്ട് ഗമിച്ച് നിന്റെ ആയുഷ്കാലമൊക്കെയും പൊടിതിന്നും, ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തലതകർക്കും. നീ അവന്റെ കുതികാൽ തകർക്കും. സ്ത്രീയോട് കൽപിച്ചത്, ഞാൻ നിനക്ക് കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും. നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോട് ആകും. അവൻ നിന്നെ ഭരിക്കും. മനുഷ്യനോട് കൽപിച്ചതോ, നീ നിന്റെ ഭാര്യയുടെ വാക്ക് അനുസരിക്കുകയും തിന്നരുതെന്നു ഞാൻ കൽപിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ട് നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽനിന്ന് അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്ക് അതിൽനിന്ന് മുളയ്ക്കും. വയലിലെ സസ്യം നിനക്ക് ആഹാരമാകും. നിലത്തുനിന്ന് നിന്നെ എടുത്തിരിക്കുന്നു. അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും. നീ പൊടിയാകുന്നു. പൊടിയിൽ തിരികെ ചേരും (ഉല്പത്തി 3:13 - 19).

മാനുഷിക യാതനകൾക്ക് മൂലകാരണമായി ബൈബിൾ വെളിപ്പെടുത്തുന്ന സത്യമിതാണ്. ആദാമിന്റെയും ഹവ്വായുടെയും ആദ്യജാതനായ കയീൻ തന്റെ അനുജനായ ഹാബേലിനെ കൊല്ലുന്നതായി ബൈബിൾ രേഖപ്പെടുത്തുന്നു. ഇത് പാപത്തിന്റെ പ്രതിഫലനമാണ്. ഇന്നോളം അത് വ്യത്യസ്ത നിലകളിൽ തുടർന്നുവരുന്നു. അതിന് അവൻ (ദൈവം) അരുളിച്ചെയ്തത്: നീ എന്തു ചെയ്തു? നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം ഭൂമിയിൽനിന്ന് എന്നോടു നിലവിളിക്കുന്നു. ഇപ്പോൾ നിന്റെ അനുജന്റെ രക്തം നിന്റെ കയ്യിൽനിന്ന് ഏറ്റുകൊൾവാൻ വായ് തുറന്ന ദേശം നീ വിട്ട് ശാപഗ്രസ്തനായിപ്പോകേണം. നീ കൃഷി ചെയ്യുമ്പോൾ നിലം ഇനി മേലാൽ തന്റെ വീര്യം നിനക്ക് തരികയില്ല; നീ ഭൂമിയിൽ ഉഴന്നലയുന്നവനാകും (ഉല്പത്തി 4:10 - 12). കയീൻ അതിന് ഇപ്രകാരം മറുപടി പറയുന്നു; എന്റെ കുറ്റം പൊറുപ്പാൻ കഴിയുന്നതിനേക്കാൾ വലിയതാകുന്നു (ഉല്പത്തി 4:13).

പാപം നിമിത്തം കഷ്ടകൾക്ക് വിധേയരായിത്തീർന്ന മനുഷ്യവർഗത്തെ ദൈവം കൈവിട്ടുകളഞ്ഞില്ല. അവരെ ദൈവിക കൂട്ടായ്മയിലേക്ക് തിരികെ കൊണ്ടുവരുവാൻ ആവശ്യമായതെല്ലാം ചരിത്രത്തിൽ ദൈവം ചെയ്തുകൊണ്ടിരുന്നു. എന്നാൽ ദൈവിക പദ്ധതികളെ അവഗണിച്ച്, സ്വന്തവഴികളിൽ മൽസരികളായി മുന്നേറുവാനാണ് മനുഷ്യൻ താല്പര്യം കാണിച്ചത്. നോഹയുടെ കാലത്ത് ജലപ്രളയത്തിലൂടെ ദൈവം ലോകത്തെ ശുദ്ധീകരിച്ചു. പില്കാലത്ത് തന്റെ പ്രവാചകന്മാരെ അയച്ച് ജനത്തെ അവരുടെ പാപങ്ങളെക്കുറിച്ച് ഓർമ്മിപ്പിച്ചു. അതിണെയും അവഗണിച്ച മനുഷ്യരുടെ വീണ്ടെടുപ്പിനായി, അവസാനം ദൈവം തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ ഭൂമിയിലേക്ക് അയച്ചു. മനുഷ്യരുടെ പാപത്തിന് പരിഹാരമായി യേശുക്രിസ്തു ക്രൂശിൽ മരിച്ചു. ഒരു വ്യക്തി യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ തന്റെ പാപങ്ങൾക്ക് പരിഹാരം വരികയും ദൈവവുമായി ബന്ധമുള്ള പുതിയൊരു ജീവിതത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

ഇത് അംഗീകരിക്കാതെ മനുഷ്യൻ പാപത്തിൽ തന്നെ തുടരുവാൻ മനസുവയ്ക്കുന്നു. തല്ഫലമായി വേദനകളും യാതനകളും ജീവിതത്തിൽ വർദ്ധിക്കുന്നു. അത് നമ്മെ നിരാശയിലേക്കും ക്പ്രശ്നങ്ങളിലേക്കും നയിക്കുന്നു. നമ്മുടെ ഉന്നതഭാവം, സത്യസന്ധതയില്ലായ്മ, ദുഷ്പ്രവൃത്തികൾ, ഇവയൊക്കെ ജീവിതത്തെ കൂടുതൽ ദുരിതപൂർണമാക്കുന്നു. ഭയം നമ്മുടെ മനസിനെ കീഴ്പ്പെടുത്തുന്നു. ദൈവത്തിൽ വിശ്വസിക്കുന്നതു മാത്രമാണ് ഈ അവസ്ഥാവിശേഷത്തെ അതിജീവിക്കാനുള്ള ഏക മാർഗം. ബൈബിൾ ഇപ്രകാരം പറയുന്നു. അദ്ധ്വാനിക്കുന്നവരും ഭാരംചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും (മത്താ. 11:28,29). ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു (ലൂക്കൊ. 4:10,18).